# സാന്ത്വനപ്രകാശം

പാലാ രൂപതാബുള്ളറ്റിൻ



എന്റെ കർത്താവേ, എന്റെ ദൈവമേ! (യോഹ. 20:28)

Vol. LXXVI No. 7 July 2026 ഉയിർപ്പുകാലം

## 01.06.2026







**ചേർപ്പുങ്കൽ  മാർ സ്ലീവാ നഴ്സിങ് കോളേജിന്റെ
ഗ്രാജുവേഷൻ ചടങ്ങ്
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്
ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി**



## 04.06.2026



**PSWS ന്റെ പുതിയ സംരംഭമായ 'പാലനോവ ഫുഡ്സ്'
ബ്രാൻഡ് പ്രകാശനവും ഫാക്ടറി ഔട്ട്ലെറ്റ് ഉദ്ഘാടനവും
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിച്ചു.**

**03.06.2026**



പറത്താനം സീ വ്യൂ എസ്റ്റേറ്റിലേക്ക് മാറ്റിസ്ഥാപിക്കപ്പെട്ട മാർ എഫ്രേം ഫോർമേഷൻ സെന്ററിന്റെ ചാപ്പലും കെട്ടിടവും അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്, അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ എന്നീ പിതാക്കന്മാരുടെ കാർമികത്വത്തിൽ വെഞ്ചരിച്ചു.

09.06.2026



സ്പെയിനിലെ ബാഴ്സലോണയിൽ പരിശുദ്ധപിതാവ്
ലെയോ മാർപാപ്പായുടെ സന്ദർശനത്തോട് അനുബന്ധിച്ചു നടന്ന ജാഗരണ
പ്രാർത്ഥനാശുശ്രൂഷയിൽ മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ സെബാസ്റ്റ്യൻ
വടക്കേൽ, മാർ ജോസഫ് സ്രാമ്പിക്കൽ എന്നീ പിതാക്കന്മാർ പങ്കെടുത്തു.

14.06.2026



അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവും അഭിവന്ദ്യ മാർ ജോസഫ്
സ്രാമ്പിക്കൽ പിതാവും സുവിശേഷകനായ വി. മർക്കോസിന്റെ കബറിടം
സ്ഥിതി ചെയ്യുന്ന വെനീസിലുള്ള സാൻ മാർക്കോ ബസിലിക്കയിൽ
വി. കുർബാനയർപ്പിച്ചു പ്രാർത്ഥിച്ചു.

**10.06.2026**




ബാഴ്സലോണായിലെ സഗ്രാദാ ഫമിലിയ ബസിലിക്കയുടെ ജീസസ് ടവർ
വെഞ്ചരിക്കുന്നതിനോടനുബന്ധിച്ച് പരിശുദ്ധ പിതാവ് ലെയോ
പതിന്നാലാമൻ മാർപാപ്പാ അർപ്പിച്ച വിശുദ്ധകുർബാനയിൽ
മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ സെബാസ്റ്റ്യൻ വടക്കേൽ,
മാർ ജോസഫ് സ്രാമ്പിക്കൽ എന്നീ പിതാക്കന്മാർ പങ്കെടുത്തു.

29.06.2026




സ്വിറ്റ്സർലാന്റിൽ വച്ചു നടന്ന ഫാ. സെബാസ്റ്റ്യൻ തയ്യിലിന്റെ പൗരോഹിത്യ സുവർണ്ണജൂബിലിയാഘോഷത്തിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവും യൂറോപ്പിൽ ആകമാനം ശുശ്രൂഷ ചെയ്യുന്ന പാലാ രൂപതക്കാരായ വൈദികരും വിശുദ്ധ കുർബാനയർപ്പിക്കുകയും ആശംസകൾ നേരുകയും ചെയ്തു

30.06.2026



അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് റോമിൽ സേവനം ചെയ്യുകയും പഠിക്കുകയും ചെയ്യുന്ന പാലാ രൂപതക്കാരായ വൈദികരെ സന്ദർശിച്ചു.

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാബുള്ളറ്റിൻ

**JULY 2026**
**Vol. LXXVI No. 7**

# CONTENTS

ഇടയലേഖനം ........................................................................ 439

ഇടയലേഖനം - 91 ................................................................ 446

അറിയിപ്പ് ............................................................................. 452

വാർത്തകൾ .......................................................................... 453

അഭിവന്ദ്യപിതാവിന്റെ ഡയറി ...............................................491

Prot- No. 0444/2026

# ഇടയലേഖനം
# ദുക്റാനത്തിരുനാൾ - സഭാദിനം 2026

**സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്**
**റാഫേൽ തട്ടിൽ**

തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ ദുക്റാനത്തിരുന്നാൾ ഒരിക്കൽക്കൂടി നമ്മൾ ആഘോഷിക്കുകയാണ്. 'നമുക്കും അവനോടൊപ്പം പോയി മരിക്കാം' (യോഹ. 11:16) എന്നു പറഞ്ഞുകൊണ്ട് ഭയചകിതരായിരുന്ന മറ്റ് അപ്പസ്തോലന്മാരെ ധൈര്യപ്പെടുത്തിയ തോമാശ്ലീഹാ സുവിശേഷസന്ദേശം ഭാരതജനതയ്ക്കു നല്കുന്നതിനായി ഇവിടെ വരികയും എ.ഡി 72ൽ ചെന്നൈ അടുത്തുള്ള ചിന്നമലയിൽ രക്തസാക്ഷിത്വം വരിക്കുകയും ചെയ്തു. തോമാശ്ലീഹായുടെ പ്രേഷിതപ്രവർത്തനത്തിന്റെയും രക്തസാക്ഷിത്വത്തിന്റെയും ഏറ്റവും വലിയ തെളിവുകളിലൊന്നാണ് മാർത്തോമാപാരമ്പര്യത്തിൽ ജീവിക്കുന്ന ഭാരതത്തിലെ സഭാസമൂഹങ്ങൾ. സീറോമലബാർസഭയെ സംബന്ധിച്ചു ജൂലൈ മൂന്നാം തീയതി ആത്മീയസ്വത്വത്തിന്റെ ദിവസമാണ്. അതുകൊണ്ടുതന്നെയാണ് ദുക്റാനത്തിരുനാൾ സീറോമലബാർ സഭാദിനമായും നമ്മൾ ആഘോഷിക്കുന്നത്.

ഉത്ഥിതനായ ഈശോ തങ്ങൾക്കു പ്രത്യക്ഷനായി എന്നു മറ്റ് അപ്പസ്തോലന്മാർ പറഞ്ഞതു വിശ്വസിക്കാതെ തനിക്കും ഗുരുവിനെ കാണണം എന്നു ശ്ലീഹ വാശിപിടിക്കുന്ന രംഗം വളരെ ഹൃദയസ്പർശിയാണ്. തോമാശ്ലീഹായുടെ ഈ സംശയം

നിഷേധാത്മകമായ സമീപനമല്ല. ആദ്യം സംശയിച്ച തോമസ് പിന്നീടു വിശ്വാസത്തിന്റെ ധീരസാക്ഷിയായി മാറുന്നു. സംശയത്തിൽനിന്നു വിശ്വാസത്തിലേക്കും അന്വേഷണത്തിൽനിന്നു സാക്ഷ്യത്തിലേക്കും ശിഷ്യത്വത്തിൽനിന്നു രക്തസാക്ഷിത്വത്തിലേക്കും തോമാശ്ലീഹാ നടത്തിയ യാത്രയാണ് ഓരോ ക്രൈസ്തവന്റെയും ആത്മീയയാത്ര. അതുകൊണ്ടാണ് 'തോമായുടെ അവിശ്വാസം മറ്റുള്ള ശിഷ്യരുടെ വിശ്വാസത്തെക്കാൾ നമ്മുടെ വിശ്വാസത്തിനു കൂടുതൽ ഉപകാരപ്രദമായി' (*Homilie in Evangelica, 26,7*) എന്നു മഹാനായ വി. ഗ്രിഗറി മാർപാപ്പാ പറഞ്ഞത്.

ഇന്നത്തെ തലമുറ സംശയങ്ങളുടെയും ആശയക്കുഴപ്പങ്ങളുടെയും നടുവിലാണ് ജീവിക്കുന്നത്. നിർമിതബുദ്ധിയുടെയും വിവരവിപ്ലവത്തിന്റെയും ഈ കാലഘട്ടം ഏറെ വെല്ലുവിളികൾ നിറഞ്ഞതാണ്. പരിശുദ്ധപിതാവ് ലെയോ പതിനാലാമൻ മാർപാപ്പാ, 'മാനവമഹത്വം' (*Magnifica Humanitas*) എന്ന പേരിൽ സാർവത്രികസഭയ്ക്കു നല്കിയ ആദ്യത്തെ ചാക്രികലേഖനം ലോകശ്രദ്ധയാകർഷിച്ചിരിക്കുകയാണ്. മനുഷ്യനിൽ ദൈവം നിക്ഷേപിച്ചിരിക്കുന്ന മഹത്വത്തിന്റെ അടിസ്ഥാനത്തിൽ, സാങ്കേതികവിദ്യ മനുഷ്യനുവേണ്ടിയാണെന്നും അതിനാൽത്തന്നെ മനുഷ്യൻ സാങ്കേതികവിദ്യയുടെ അടിമയാകരുത് എന്നുമാണ് ഈ ചാക്രികലേഖനത്തിന്റെ അടിസ്ഥാനദർശനം. പരിശുദ്ധപിതാവ് ഇപ്രകാരം പറയുന്നു: 'മനുഷ്യന്റെ അന്തസ്സ് അവന്റെ കഴിവുകളെയോ സമ്പത്തിനെയോ സാമൂഹികസ്ഥാനത്തെയോ ആശ്രയിച്ചല്ല; അതു ദൈവത്തിന്റെ സ്നേഹത്തിൽനിന്നുള്ള ദാനമാണ്' (മാനവമഹത്വം, 50). മനുഷ്യന്റെ അന്തസ്സും മഹത്വവും സംരക്ഷിച്ചുകൊണ്ട് നീതിയുടെയും സാഹോദര്യത്തിന്റെയും ലോകം പണിയുക എന്നത് ഓരോ തലമുറയുടെയും ദൗത്യമാണെന്നും ചാക്രികലേഖനം വ്യക്തമാക്കുന്നു.

ഇന്നത്തെ മാധ്യമ-ഡിജിറ്റൽ സംസ്കാരത്തിൽ, മനുഷ്യഹൃദയങ്ങളിൽ ധ്രുവീകരണവും വിരോധവും വർധിപ്പിക്കുന്നതിനാൽ സത്യത്തെ അന്വേഷിക്കുകയും വിവേകപൂർണമായ കൂട്ടായ തീരുമാനങ്ങളിലേക്ക് എത്തിച്ചേരുകയും ചെയ്യേണ്ടത്

ക്രൈസ്തവരുടെ അടിയന്തര ഉത്തരവാദിത്വമാണെന്നു മാർ പാപ്പാ ഓർമിപ്പിക്കുന്നു. അഭ്യൂഹങ്ങൾ പ്രചരിപ്പിച്ചു സത്യത്തെ മൂടിവയ്ക്കുന്ന ഈ കാലഘട്ടത്തിൽ, മാർ തോമാശ്ലീഹായെപ്പോലെ സത്യാന്വേഷികളാകാൻ നമുക്കും സാധിക്കണം. സോഷ്യൽമീഡിയ വിവിധ ജീവിതമേഖലകളിൽ സഹായകരമാണെന്നതിൽ തർക്കമില്ല. എന്നാൽ, വ്യാജവാർത്തകളും വിദ്വേഷപ്രചാരണങ്ങളും അപവാദങ്ങളും ബോധപൂർവം പ്രചരിപ്പിക്കപ്പെടുന്ന ഇടംകൂടിയാണിത് എന്നതു യാഥാർഥ്യമാണ്. മറ്റുള്ളവരെ അപകീർത്തിപ്പെടുത്തുന്നതും നിഷ്കളങ്കരെ ഉപദ്രവിക്കുന്നതും അസത്യം പ്രചരിപ്പിക്കുന്നതുമായ സോഷ്യൽ മീഡിയ പോസ്റ്റുകൾ ഉണ്ടാക്കുകയും അവ വിവേചനമില്ലാതെ ഫോർവേഡുചെയ്യുകയും ചെയ്യുമ്പോൾ, 'കൊല്ലരുത്' എന്ന അഞ്ചാം പ്രമാണമാണ് ലംഘിക്കുന്നത്. അറിയില്ലാത്ത കാര്യം അന്വേഷിക്കാനും നന്മയല്ലാത്തവ പ്രോത്സാഹിപ്പിക്കാതിരിക്കാനും തിന്മയെ എതിർത്തുതോല്പിക്കാനും ആവശ്യമായ വിവേചനശക്തിയും ജാഗ്രതയും ഇന്നു നമുക്കാവശ്യമാണ്.

ഇന്നു നമ്മുടെ സമൂഹത്തിൽ പാവപ്പെട്ടവരും സ്വാധീനമില്ലാത്തവരും അവഗണിക്കപ്പെടുന്ന സാഹചര്യമുണ്ട്. പ്രായമായ മാതാപിതാക്കൾ പലപ്പോഴും മക്കളുടെ ക്രൂരതയ്ക്ക് ഇരയാകുന്നു. കുടുംബങ്ങളിലും സമൂഹത്തിന്റെ വിവിധതലങ്ങളിലും ബന്ധങ്ങൾക്കു വിള്ളൽ വീഴുമ്പോൾ മുറിവേല്ക്കപ്പെടുന്നത് നീതിയുടെയും ന്യായത്തിന്റെയും പക്ഷത്തുനില്ക്കുന്നവരാണ്. വളർന്നുവരുന്ന കുട്ടികളുടെയിടയിൽ വർധിച്ചുവരുന്ന അക്രമം ആശങ്കകളുയർത്തുന്നു. ലഹരിയുടെ ഉപയോഗവും അതുവഴിയുള്ള അക്രമങ്ങളും സമൂഹത്തിന്റെ സുസ്ഥിതിയെത്തന്നെ അപകടത്തിലാക്കുന്നു. ഇവിടെയെല്ലാം മനുഷ്യന്റെ മഹത്വം നഷ്ടപ്പെടുത്തുന്ന സാഹചര്യങ്ങൾ നിലനില്ക്കുന്നുണ്ട്. പരിശുദ്ധപിതാവ് ആഹ്വാനം ചെയ്യുന്നതുപോലെ മനുഷ്യന്റെ അഹങ്കാരത്തിന്റെയും താൻപോരിമയുടെയും പ്രതീകമായ ബാബേൽഗോപുരങ്ങൾ തകർത്തുകളഞ്ഞു നീതിയും സമാധാനവും നിലനില്ക്കുന്ന ദൈവമനുഷ്യനഗരത്തിന്റെ നിർമിതി

ക്കായി ഓരോരുത്തരും അവരവരുടെ പ്രവർത്തനമേഖലകളിൽ ജാഗ്രതയോടെ വർത്തിക്കേണ്ടിയിരിക്കുന്നു (മാനവമഹത്വം, 1).

വിശ്വാസത്തിന്റെ ആദ്യപാഠശാല കുടുംബമാണ്. മാതാപിതാക്കളും മക്കളും ഒരുമിച്ചു പ്രാർഥിക്കുന്നതും ഭക്ഷണം കഴിക്കുന്നതും കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ പങ്കുവയ്ക്കുന്നതും നമ്മുടെ ധന്യമായ പാരമ്പര്യങ്ങളിൽപെട്ടവയാണ്. എല്ലാവരും അവരവരുടെ തിരക്കുകളിലും ജോലികളിലും വ്യാപൃതരാകുമ്പോൾ കുടുംബത്തിന്റെ പൊതുവായ ആത്മീയത കാത്തുസൂക്ഷിക്കുന്നതിൽ വീഴ്ചവരുന്നുണ്ടോ എന്ന് ആത്മപരിശോധന ചെയ്യേണ്ടിയിരിക്കുന്നു. മാതാപിതാക്കൾ മക്കൾക്കു സാങ്കേതികവിദ്യയുടെ ഉപയോഗത്തോടൊപ്പം മാനുഷികമൂല്യങ്ങളും കൈമാറണം. ഡിജിറ്റൽ അടിമത്തത്തിന്റെ അപകടത്തെക്കുറിച്ചു ലെയോ മാർപാപ്പാ തന്റെ ചാക്രികലേഖനത്തിൽ പ്രത്യകം പരാമർശിക്കുന്നുണ്ട്. മൊബൈൽ ഫോണിന്റെ അമിത ഉപയോഗം, കുടുംബാംഗങ്ങൾ തമ്മിലുള്ള സംസാരം കുറയുന്നത്, കുട്ടികളിൽ വർധിച്ചുവരുന്ന സ്ക്രീൻ ആശ്രയത്വം, പ്രാർഥനയ്ക്കുള്ള സമയക്കുറവ് ഇതെല്ലാം ഇന്നു നമ്മുടെ കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങളാണ്. കുടുംബസാഹചര്യങ്ങൾ ഒരു വ്യക്തിയുടെ ആത്മീയവും ഭൗതികവുമായ രൂപീകരണത്തിൽ ചെലുത്തുന്ന സ്വാധീനം വളരെ വലുതും നിർണായകവുമാണെന്നു പറയേണ്ടതില്ലല്ലോ. അതിനാൽ കുടുംബങ്ങളിൽ 'ഡിജിറ്റൽ ഉപവാസം' (*digital fasting*) ആചരിക്കാനും ഭക്ഷണസമയങ്ങളിൽ ഫോൺ ഒഴിവാക്കാനും ദിവസവും കുടുംബപ്രാർഥനയ്ക്കു സമയം കണ്ടെത്താനും എല്ലാവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു.

കൂട്ടായ്മ സഭയുടെ സ്വഭാവമാണ്. അതിനാൽത്തന്നെ സഭാംഗങ്ങളെല്ലാവരും കൂട്ടായ്മയിൽ വ്യാപരിക്കുകയും കൂട്ടായ്മ വളർത്തുകയും ചെയ്യുന്നവരാകണം. സഭയിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകുന്നത് സ്വാഭാവികമാണ്. എന്നാൽ, വിഭാഗീയചിന്താഗതി സഭാചൈതന്യത്തിനു നിരക്കുന്നതല്ല. സഭയെന്നാൽ നാമെല്ലാവരും ഉൾപ്പെടുന്ന വലിയ കൂട്ടായ്മ

യാണ്. അതിനാൽത്തന്നെ സഭാസംവിധാനങ്ങളോടു ചേർന്നു പ്രവർത്തിക്കാനുള്ള കടമ എല്ലാവർക്കുമുണ്ട്. വി. സിപ്രിയന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്: 'സഭയെ അമ്മയായി കാണാൻ കഴിയാത്തവർക്കു ദൈവത്തെ പിതാവായി കാണാനും കഴിയില്ല' (Habere non potest Deum Patrem qui Ecclesiam non habet matrem, De Catholicae Ecclesiae Unitate, 6).

2026 നമ്മുടെ സഭയിൽ സമുദായശക്തീകരണവർഷമായി ആചരിക്കുകയാണല്ലോ. ഈ വർഷാചരണത്തിനുവേണ്ടി സഭയുടെ പബ്ലിക് അഫയേഴ്സ് കമ്മിഷൻ വിഭാവനം ചെയ്തതും സിനഡ് അംഗീകരിച്ചതുമായ കർമപരിപാടികൾ സഭയുടെ വിവിധതലങ്ങളിൽ ഫലപ്രദമായി നടപ്പിലാക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കുമല്ലോ. ഒരു വിശ്വാസിസമൂഹമെന്നനിലയിൽ നമ്മുടെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി നാം വിട്ടുവീഴ്ചയില്ലാതെ നിലകൊള്ളുമ്പോഴും മറ്റുള്ളവരെ ബഹുമാനിക്കാനും പൊതുകാര്യങ്ങളിൽ സഹകരിക്കാനും സാധ്യമായ ഇടങ്ങളിലെല്ലാം കൈകോർത്തുപിടിക്കാനും സഭാംഗങ്ങൾ ശ്രദ്ധ കാണിക്കണം. സമൂഹത്തിന്റെ പൊതുനന്മയ്ക്കുവേണ്ടി, നീതിപൂർവകമായ ഒരു ലോകനിർമ്മിതിക്കുവേണ്ടി എല്ലാവരുമായും സംവദിക്കാനും സഹകരിക്കാനും സഭയെന്നും തത്പരയാണ്. ആരെയും മാറ്റിനിറുത്താതെ, വ്യത്യാസങ്ങളെ ഭയപ്പെടാതെ, സ്നേഹത്തോടെയും സത്യത്തോടെയും മറ്റുള്ളവരുമായി സംവദിക്കുന്ന സഭയായി നമ്മൾ മുന്നോട്ടുപോകണം.

നമ്മുടെ പിതാവിന്റെ ധീരമായ മാതൃക പിന്തുടർന്ന് ഈശോയുടെ സുവിശേഷം നിർഭയം പ്രഘോഷിക്കാൻ നമുക്ക് കടമയുണ്ട്. നമ്മുടെ സഭാമക്കൾ സുവിശേഷത്തിന്റെ ശുശ്രൂഷകരായി ലോകത്തിന്റെ വിവിധഭാഗങ്ങളിൽ സേവനം ചെയ്യുന്നു എന്നതോർത്തു ദൈവത്തിനു നന്ദിപറയാം. നമ്മുടെ സഭ ഈ അടുത്തകാലങ്ങളിൽ സുവിശേഷപ്രഘോഷണമേഖലയിൽ നടത്തിക്കൊണ്ടിരിക്കുന്ന മുന്നേറ്റങ്ങളെ ഈയവസരത്തിൽ അനുസ്മരിക്കാൻ ആഗ്രഹിക്കുന്നു. വൈദികരോടും സമർപ്പിതരോടുമൊപ്പം ധാരാളം അല്മായ

പ്രേഷിതരും സുവിശേഷപ്രഘോഷണത്തിൽ വ്യാപൃതരാണ്. ഇത് ഏറെ സന്തോഷകരമായ കാര്യമാണ്. നമ്മുടെ സഭയിലെ അല്മായരുടെ സുവിശേഷപ്രഘോഷണസംരംഭങ്ങൾ ഏകോപിപ്പിക്കുന്നതിനു സഭാതലത്തിൽ 'ജീവൻ ജ്യോതി' എന്ന മുന്നേറ്റം ആരംഭിച്ച കാര്യവും ഈയവസരത്തിൽ സന്തോഷത്തോടെ അറിയിക്കുന്നു. നമുക്കു സാധിക്കുന്നവിധത്തിലെല്ലാം എല്ലാ പ്രേഷിതസംരംഭങ്ങളെയും സഹായിക്കുകയും അവയുടെ ഫലപ്രാപ്തിക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യാം.

ഹൊസൂർ സീറോമലബാർ രൂപതയുടെ നേതൃത്വത്തിൽ മൈലാപ്പൂരിൽ മാർത്തോമാശ്ലീഹായുടെ കബറിടം സ്ഥിതിചെയ്യുന്ന സാന്തോം കത്തീഡ്രലിന്റെ സമീപം നമുക്കു സ്വന്തമായി ഒരു തീർത്ഥാടനകേന്ദ്രം തയ്യാറായിക്കൊണ്ടിരിക്കുന്നവിവരം സന്തോഷപൂർവം അറിയിക്കുന്നു. ഇതിനു നേതൃത്വം നല്കിയ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ പൊഴോലിപറമ്പിൽ പിതാവിനെയും രൂപത മുഴുവനെയും അഭിനന്ദിക്കുന്നു. ഈ സംരംഭത്തിന് ഇതുവരെ നിർലോപമായ സഹായം ഹൊസൂർ രൂപതയ്ക്കു നല്കിയ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായുടെ കബറിടത്തിനടുത്തു നമുക്കൊരു ആരാധനാസ്ഥലം ഉണ്ടാവുക എന്ന വലിയ സ്വപ്നം പൂർത്തീകരിക്കാൻ നമ്മുടെ എല്ലാ ഇടവകകളും സാധിക്കുന്നവിധത്തിൽ സഹകരിക്കണമെന്നും ഞാൻ സ്നേഹപൂർവം ഈ അവസരത്തിൽ അഭ്യർഥിക്കുന്നു.

ഈശോയിൽ പ്രിയപ്പെട്ടവരേ, തോമാശ്ലീഹായിലൂടെ നമുക്കു പകർന്നുകിട്ടിയ ഈശോയിലുള്ള വിശ്വാസത്തിനു ജീവിതംകൊണ്ട് സാക്ഷ്യംനല്കാൻ ഈ കാലഘട്ടത്തിൽ നമുക്കു സാധിക്കണം. ഇന്നത്തെ സാഹചര്യത്തിൽ എല്ലാവരും ശാരീരികമായി രക്തംചിന്തി കർത്താവിനു സാക്ഷ്യംനല്കാൻ വിളിക്കപ്പെടുന്നില്ല. എന്നാൽ, സഭയിലും സമൂഹത്തിലും കുടുംബങ്ങളിലും മറ്റെല്ലാ ജീവിതസാഹചര്യങ്ങളിലും സത്യത്തിന്റെയും നീതിയുടെയും വിശ്വാസത്തിന്റെയും ക്ഷമയുടെയും എളിമപ്പെടലിന്റെയും ദൈനംദിനരക്തസാക്ഷിത്വം ഈ കാലഘട്ടം നമ്മിൽനിന്ന്

ആവശ്യപ്പെടുന്നുണ്ട്. ബാബേൽഗോപുരങ്ങൾ പണിയുന്നവരാകാതെ ദൈവവും മനുഷ്യനും ഒരുമിച്ചുവസിക്കുന്ന നഗരങ്ങൾ സഭയിലും സമൂഹത്തിലും കുടുംബങ്ങളിലും നിർമിക്കുന്ന കർത്താവിന്റെ ശില്പികളായി നമുക്കു മാറാം.

ദുക്റാനത്തിരുനാളിന്റെയും സഭാദിനത്തിന്റെയും ആശംസകൾ എല്ലാവർക്കും സ്നേഹപൂർവം നേരുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ യൗസേപ്പിതാവിന്റെയും മാർ തോമാശ്ലീഹായുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനുഗ്രഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്തനങ്ങളോടുമൊപ്പം ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2026-ാമാണ്ട് ജൂൺ മാസം 20-ാം തീയതി നല്കപ്പെട്ടത്.

**റാഫേൽ തട്ടിൽ**

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്

---

NB: ഈ ഇടയലേഖനം 2026 ജൂൺ 28-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവകദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

ഇടയലേഖനം - 91

# കുടുംബസംഗമവും ഫാമിലി ട്രീയും

ബിഷപ് ജോസഫ് കല്ലറങ്ങാട്ട്

**രൂപതയിലെ വൈദികർക്കും സന്ന്യാസിനീസന്ന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്:**

**നമ്മുടെ കർത്താവീശോമിശിഹായിൽനിന്നു കൃപയും സമാധാനവും നിങ്ങൾക്കുണ്ടായിരിക്കട്ടെ.**

മിശിഹായിൽ സ്നേഹം നിറഞ്ഞവരേ,

കുടുംബങ്ങളുടെ ഉത്ഭവം ദൈവത്തിൽനിന്നാണ്. രക്ഷാചരിത്രത്തിൽ ഉടനീളം നാം കണ്ടുമുട്ടുന്നത് കുടുംബങ്ങളുടെ ചരിത്രവും സംഭവങ്ങളുമാണ്. സൃഷ്ടികൾക്കെല്ലാം മകുടമായി തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചതും (ഉത്പ. 1:27, 2:7), അവനെ പിതാവും മാതാവുമായി നിയോഗിച്ച് അനുഗ്രഹിച്ച് ആദ്യകുടുംബം സ്ഥാപിച്ചതും ദൈവംതന്നെയാണ്. ആദാം, കായേൻ, ആബേൽ, സേത്ത്, നോഹ തുടങ്ങി അബ്രാഹം വരെയുള്ളവരുടെ കുടുംബങ്ങൾ ചരിത്രാതീതകാലം മുതൽ കുടുംബങ്ങളുടെ പ്രാധാന്യം വരച്ചുകാട്ടുന്നവയാണ്. അബ്രാഹംമുതലുള്ള പൂർവപിതാക്കന്മാരുടെ കുടുംബങ്ങൾ ഉത്തമരായ പിതാക്കന്മാരുടെയും മാതാക്കളുടെയും സവിശേഷതകൾ എടുത്തുകാട്ടുന്നു. പുതിയനിയമത്തിൽ മാതൃകകളായി സഖറിയായുടെ കുടുംബവും, തിരുക്കുടുംബവും നിലകൊള്ളുന്നു. സുവിശേഷങ്ങളിലെ ഈശോയുടെ പ്രബോധനങ്ങളും നടപടിപ്പുസ്തകവും, പ്രത്യേകിച്ച് പത്രോസ്- പൗലോസ് ശ്ലീഹന്മാരുടെ ലേഖനങ്ങളും

കുടുംബങ്ങൾ എപ്രകാരമായിരിക്കണമെന്നു വ്യാഖ്യാനിച്ചു തരുന്നുണ്ട് (എഫെ 5, 1, പത്രോ. 3, 1–12). ദൈവപുത്രനായ ഈശോമിശിഹാ ഒരു കുടുംബത്തിൽ ജനിച്ചതും മാതാപിതാക്കൾക്കു വിധേയനായി വളർന്നതും ദൈവം കുടുംബത്തെ സ്നേഹിക്കുന്നു എന്നതിനും കുടുംബം എത്രമാത്രം വിലപ്പെട്ടതാണ് എന്നതിനും ഉത്തമദൃഷ്ടാന്തമാണ്.

സാങ്കേതികവിദ്യയുടെ അത്യാധുനികമുഖമായ AI അഥവാ കൃത്രിമബുദ്ധിയെക്കുറിച്ച് പരി. പിതാവ് ലെയോ പാപ്പാ നൽകിയ 'മാഗ്നിഫിക്ക ഹ്യുമാനിത്താസ്' എന്ന ചാക്രികലേഖനത്തിൽ ഇപ്രകാരം പറയുന്നു: 'കുടുംബം അത്യുത്കൃഷ്ടമായ ഒരു സാമൂഹികനന്മയും എല്ലാ സാമൂഹികസംഘടനകളുടെയും അടിസ്ഥാനപരവും മാറ്റാനാകാത്തതുമായ കോശവുമാണ്' (മാഗ്നിഫിക്ക ഹ്യുമാനിത്താസ് 165). ഡിജിറ്റൽ ഫോർമുലാകൾ രൂപകല്പന ചെയ്തുകൊണ്ടിരിക്കുന്ന ഈ യുഗത്തിൽ വ്യക്തിയുടെ മഹത്വം, ജോലിയുടെ അന്തസ്സ്, പൊതുനന്മ, പൊതു അഭിവൃദ്ധി, അസമത്വങ്ങൾ കുറയ്ക്കൽ, പരിസ്ഥിതിസംരക്ഷണം എന്നിവയ്ക്ക് പരിശുദ്ധപിതാവ് കൂടുതൽ ഊന്നൽ നൽകുന്നു. അധികാരകേന്ദ്രീകരണത്തിനും ജനങ്ങളെ പാർശ്വവൽക്കരിക്കുന്നതിനുമുള്ള ആയുധമായി സാങ്കേതികവിദ്യ മാറരുത്. ഭൂമിയിൽ ദൈവമില്ലാത്ത അഹങ്കാരത്തിന്റെ പുതിയൊരു ബാബേൽഗോപുരം പണിയരുതെന്നും സ്നേഹസംസ്കാരം വളർത്തിയെടുക്കണമെന്നും പാപ്പാ പഠിപ്പിക്കുന്നു. AI (കൃത്രിമബുദ്ധി) സംവിധാനത്തിന് മാർപാപ്പാ എതിരല്ല; പ്രത്യുത, അതിനുള്ളിലെ വിഷാംശം (Poison) എടുത്തുമാറ്റണമെന്നാണ് പഠിപ്പിക്കുന്നത്. 'മാഗ്നിഫിക്ക ഹ്യുമാനിത്താസ്' എന്ന ഈ വലിയ സാമൂഹികപ്രബോധനം സഭയുടെ മനഃസാക്ഷിപരിശോധനയ്ക്കുള്ള മാർഗമായാണ് പരിശുദ്ധപിതാവ് ഉദ്ദേശിക്കുന്നത്. എത്ര വളർന്നാലും ദൈവത്തെ മറക്കരുതെന്ന തത്വം ഇതിൽ ഉടനീളമുണ്ട്. കൃത്രിമബുദ്ധിക്കു മനുഷ്യഹൃദയത്തിന്റെ ആത്മീയതയും നീതിബോധവും മനസ്സിലാകില്ല. സാങ്കേതികവിദ്യ മനുഷ്യനെ സേവിക്കാൻ ഉള്ളതാണ്. മനുഷ്യൻ

സാങ്കേതികസംവിധാനങ്ങളുടെ അടിമയാകരുത്. ഈ ആധുനിക യുഗത്തിൽ മാതാപിതാക്കളുടെ മേൽനോട്ടത്തിലല്ലാതെ കുട്ടികൾ മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിൽ ഉണ്ടാകാവുന്ന അപകടങ്ങളെക്കുറിച്ചു ജാഗ്രത വേണമെന്നും മാർ പാപ്പാ നമ്മെ ഓർമിപ്പിക്കുന്നു.

പിതാവ് കുടുംബനാഥനും മാതാവ് കുടുംബനാഥയുമായ ഈ സംവിധാനത്തിൽ അവരുടെ സ്നേഹത്തിന്റെ ഫലമായി മക്കൾ ജനിക്കുകയും ദൈവസ്നേഹത്തിലൂടെയും വിശ്വസ്തതയിലൂടെയും കുടുംബബന്ധങ്ങൾ സുസ്ഥിരമാകുകയും ചെയ്യുന്നു. തങ്ങളുടെ സ്നേഹത്തിൽ ജനിക്കുന്ന കുട്ടികളെ സംരക്ഷിക്കുക, അവർക്കു നല്ല വിദ്യാഭ്യാസവും പ്രായോഗികജ്ഞാനവും നൽകുക, സത്യത്തിന്റെ മാർഗത്തിലൂടെ അവരെ കൈപിടിച്ചു നടത്തുക, സത്യവിശ്വാസത്തിൽ ദൃഢതയുള്ളവരാക്കുക എന്നിവ മാതാപിതാക്കന്മാരുടെ കടമയാണ്. ഈശോമിശിഹാ നാഥനായി വാഴുന്ന യഥാർത്ഥക്രിസ്തീയ കുടുംബത്തിൽ പരസ്പരം സ്നേഹിച്ചും സംരക്ഷിച്ചും സഹകരിച്ചും കുടുംബാംഗങ്ങൾ ഒത്തൊരുമയോടെ ജീവിക്കുന്നു. കുടുംബത്തിന്റെ ആനന്ദവും സഭയുടെ ആനന്ദവും അതിന്റെ പൂർണ്ണതയിൽ എത്തിച്ചേരണമെന്നാണ് ദൈവം ആഗ്രഹിക്കുന്നതെന്ന് വിശുദ്ധ ചാവറയച്ചൻ 150 വർഷങ്ങൾക്കു മുമ്പ് പറഞ്ഞു. നല്ല ക്രിസ്തീയകുടുംബം ഭൂമിയിൽ ആകാശമോക്ഷത്തിനു സദൃശമാണ്. ജീവിതത്തിൽ എന്തുതന്നെ നേടാൻ കഴിഞ്ഞാലും സ്വന്തം കുടുംബത്തോടൊപ്പം ആഹ്ലാദം പങ്കുവയ്ക്കാൻ കഴിയുന്നില്ലെങ്കിൽ ആ വിജയങ്ങളുടെയും നേട്ടങ്ങളുടെയും തിളക്കം കുറയുകതന്നെ ചെയ്യും.

ഈ തിളക്കത്തെ കുറച്ചുകളയുന്ന ധാരാളം പ്രവണതകൾ നമ്മുടെ കുടുംബങ്ങളിലേക്കു കടന്നുകൂടുന്നുണ്ട്. കുടുംബങ്ങൾ വേണ്ട എന്ന ചിന്ത, മക്കൾ ഇല്ലാതെയും ജീവിക്കാം എന്ന ദമ്പതികളുടെ തീരുമാനം, വ്യക്തിഗതവാദങ്ങളുടെ അമിതസ്വാധീനം, മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധങ്ങളിലെ അകൽച്ച, സ്വാർത്ഥപരമായ സ്നേഹം, ഡിജി

റ്റൽലോകത്തിന്റെ അമിതപ്രാധാന്യം, ധാർമ്മികത മറന്നുകൊണ്ടുള്ള ലൈംഗികവൈകൃതങ്ങൾ, ലഹരിയിലേക്കുള്ള യുവതലമുറയുടെ ആകർഷണം എന്നിവയെല്ലാം കുടുംബങ്ങളുടെ അന്തശ്ഛിദ്രത്തിനു കാരണമാകുന്നു. ഈ യാഥാർത്ഥ്യങ്ങൾ കണ്ടില്ലെന്നു നടിക്കാൻ നമുക്കാവില്ല. കുടുംബാംഗങ്ങളുടെ വിശ്വാസപരിശീലനവും സ്വഭാവരൂപീകരണവും സുരക്ഷയും നേരായവിധത്തിൽ നടത്തുന്നതിൽ മാതാപിതാക്കന്മാരുടെ പങ്ക് ഗൗരവമേറിയതാണ്. വിവാഹവുമായി ബന്ധപ്പെട്ട ആലോചന തുടങ്ങുന്നതു മുതൽ ദാമ്പത്യജീവിതത്തിലേക്കു പ്രവേശിക്കുന്ന സമയം ഉൾപ്പെടെ നിരവധി ആശയക്കുഴപ്പങ്ങളിലൂടെയും മാനസികസമ്മർദങ്ങളിലൂടെയും നമ്മുടെ മക്കൾ കടന്നുപോകുന്നുണ്ട്. അതുകൊണ്ട് അവരെ നന്നായി ഒരുക്കി വിവാഹാവസ്ഥയിലേക്കു പ്രവേശിപ്പിക്കേണ്ടത് കുടുംബാംഗങ്ങളുടെ കടമയാണ്. അതിന് നമ്മുടെ മക്കളെ സഹായിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകം വിവാഹ ഒരുക്ക ധ്യാനമാണ്. കൂദാശകൾ, കുടുംബജീവിതം, മാനസികാരോഗ്യം, ലൈംഗികത, സാമ്പത്തിക വിനിയോഗം എന്നിവയെക്കുറിച്ചുള്ള യഥാർത്ഥ അറിവുകൾ നൽകുന്നതാണ് മൂന്നുദിവസത്തെ വിവാഹ ഒരുക്കധ്യാനം. വിവാഹത്തിനുമുമ്പ് മക്കൾ അതിൽ പങ്കെടുക്കുന്നുണ്ടെന്ന് മാതാപിതാക്കന്മാർ ഉറപ്പുവരുത്തേണ്ടതാണ്. വിവാഹവുമായി ബന്ധപ്പെട്ട മറ്റു തയ്യാറെടുപ്പുകൾ നടത്തുമ്പോൾ ഇതിന്റെ പ്രാധാന്യം മനസ്സിലാക്കി മുൻകൂട്ടി ക്രമീകരണങ്ങൾ ചെയ്യണമെന്ന കാര്യം നിങ്ങളെ ഓർമ്മിപ്പിക്കുന്നു.

ഈ അവസരത്തിൽ മറ്റൊരു പ്രധാനപ്പെട്ട കാര്യംകൂടി നിങ്ങളുടെ ശ്രദ്ധയിലേക്കു കൊണ്ടുവരാൻ ഉദ്ദേശിക്കുകയാണ്. 72000 ഓളം കുടുംബങ്ങൾ ഒന്നുചേരുന്നതാണ് പാലാ രൂപതയാകുന്ന വലിയ കുടുംബം. പാലായെ പാലാ ആക്കുന്നത് ഇവിടെയുള്ള കുടുംബങ്ങളാണ്. മധ്യതിരുവിതാംകൂറിലെ മീനച്ചിൽ താലൂക്കിന്റെ ചരിത്രരേഖകളിൽ കുറവിലങ്ങാട്, ചേർപ്പുങ്കൽ, അരുവിത്തുറ മുതലായ പുരാതനപള്ളികൾ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ജീവിച്ച് മൺമറഞ്ഞവർ 2000

വർഷങ്ങളിലൂടെ നയിച്ച ത്യാഗസുരഭിലവും വിശ്വാസദീപ്തവുമായ കുടുംബജീവിതങ്ങളുടെ ഏടുകളുണ്ട്. തെക്ക് കന്യാകുമാരിയിലേക്കും കിഴക്ക് ഹൈറേഞ്ചിലേക്കും വടക്ക് മലബാറിലേക്കും കുടിയേറ്റങ്ങൾ നടത്തി പ്രവാസജീവിതം നയിച്ച നമ്മുടെ പുരാതനകുടുംബങ്ങൾ പഴയനിയമ യഹൂദ കുടുംബങ്ങളോടു സാമ്യമുള്ളതാണ്. ജോലിക്കും സ്ഥിരതാമസത്തിനുമായി ഇന്ത്യയുടെ മറ്റു പ്രദേശങ്ങളിലേക്കും വിദേശരാജ്യങ്ങളിലേക്കും നമ്മുടെ കുടുംബങ്ങൾ ഇന്നു ചേക്കേറുന്നു.


കുടുംബങ്ങളുടെ ഉത്ഭവം, പൂർവികരുടെ ജീവിതരേഖകൾ, തലമുറകൈമാറ്റങ്ങൾ, പ്രധാനസംഭവങ്ങൾ എന്നിവ ചേർത്ത് കുടുംബചരിത്രങ്ങൾ പല കുടുംബങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത്തരം രേഖകൾ കുടുംബാംഗങ്ങൾക്കിടയിൽ ഐക്യവും കുടുംബങ്ങളുടെ വേരുകളെക്കുറിച്ചുള്ള അറിവും നിലനിറുത്തുവാൻ സഹായിക്കുന്നു. എന്നാൽ, ഈ കുടുംബങ്ങളെയെല്ലാം കോർത്തിണക്കി വിപുലമായ ഒരു ഫാമിലി ട്രീ, രൂപതാടിസ്ഥാനത്തിൽ ക്രമീകരിക്കുന്നതും നല്ലതായിരിക്കും. സമുദായശക്തീകരണം ആചരിക്കുന്ന ഈ വർഷം നമ്മുടെ രൂപതയിലുള്ള കുടുംബങ്ങളുടെ വേരുകൾ കണ്ടെത്തുവാനും അതുവഴി ബന്ധങ്ങളിൽ കൂടുതൽ ഊഷ്മളത ഉണ്ടാക്കുവാനും നമുക്കു സാധ്യമാകട്ടെ. ഇതിന്റെ ആദ്യഘട്ടം എന്ന നിലയിൽ ഫാമിലി അപ്പോസ്തലേറ്റ് വഴി കുടുംബചരിത്രം എഴുതിയവരുടെ ഒരു കൂട്ടായ്മ, ചരിത്രപുസ്തകങ്ങളുടെ ശേഖരണം, എപ്പാർക്കിയൽ ലൈബ്രറിയിൽ പൊതു ഉപയോഗത്തിനായി ചരിത്രപുസ്തകം തയ്യാറാക്കൽ എന്നിവ നടത്തുവാൻ ഉദ്ദേശിക്കുകയാണ്. ആവശ്യമായ വിലയിരുത്തലിനും പഠനത്തിനും ശേഷം പൊതു ക്രോഡീകരണം നടത്തി രൂപതാ ഫാമിലി ട്രീ (പാലാ രൂപതയിലെ കുടുംബങ്ങളുടെ ചരിത്രം) തയ്യാറാക്കാനാണ് ഉദ്ദേശിക്കുന്നത്. ഫാമിലി ട്രീയുമായി ബന്ധപ്പെട്ട മറ്റു നിർദേശങ്ങൾ ഫാമിലി അപ്പോസ്തലേറ്റ് വഴി ഇടവകപ്പള്ളികളിൽ

അറിയിക്കുമ്പോൾ നിങ്ങളുടെ വിലയേറിയ സഹകരണം ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു.

ലോകചരിത്രത്തെ ഇന്നോളം താങ്ങിനിർത്തിയ, താങ്ങിനിറുത്തുന്ന നട്ടെല്ലാണ് കുടുംബം. നട്ടെല്ലു തളർന്നാൽ മനുഷ്യൻ തളർന്നുപോകും. മനുഷ്യന്റെ നിലനില്പുതന്നെ പ്രശ്നത്തിലാകും. നമ്മുടെ രൂപതയിലെ കുടുംബങ്ങളുടെ ശക്തീകരണത്തിനു സഹായകമാവുന്ന അജപാലനപ്രവർത്തനങ്ങൾക്ക് ഏകീകരണവും പ്രോത്സാഹനവും നൽകുന്ന ഫാമിലി അപ്പോസ്തലേറ്റിന്റെ പ്രവർത്തനങ്ങളിൽ എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണമെന്ന് സ്നേഹപൂർവം ഓർമ്മിപ്പിക്കുന്നു. ജൂലൈമാസം 19-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് ഫാമിലി അപ്പോസ്തലേറ്റിന്റെ ശുശ്രൂഷാമേഖലകളായ മാതൃവേദി, പിതൃവേദി, പ്രൊലൈഫ് എന്നിവയുടെ ആഭിമുഖ്യത്തിൽ ഒരു മഹാകുടുംബസമ്മേളനം കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത്മറിയം ആർച്ചുഡീക്കൻ തീർത്ഥാടനദൈവാലയത്തിന്റെ പാരിഷ് ഹാളിൽവച്ച് നടത്തപ്പെടുകയാണ്. സാധിക്കുന്നിടത്തോളം മാതാപിതാക്കന്മാരെ പറഞ്ഞയയ്ക്കാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാരും സംഘടനാപ്രവർത്തകരും ശ്രദ്ധിക്കുമല്ലോ.

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ദുക്റാനത്തിരുനാളിന്റെയും വി. അൽഫോൻസാമ്മയുടെ തിരുന്നാളിന്റെയും പ്രാർത്ഥനകളും മംഗളങ്ങളും നിങ്ങൾക്കു ഞാൻ ആശംസിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവം



**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

മെത്രാസനമന്ദിരം
പാലാ, 03.07.2026

NB: *ഈ ഇടയലേഖനം 2026 ജൂലൈ 5-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും വിശുദ്ധ കുർബാനയർപ്പണമുള്ള കുരിശുപള്ളികളിലും സന്ന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും വായിക്കാൻ നല്കപ്പെട്ടത്.*

## ബഹുമാനപ്പെട്ട വൈദികരുടെ ശ്രദ്ധയ്ക്ക്

സമുദായ ശക്തീകരണ വർഷം 2026 നോട് അനുബന്ധിച്ച് പാലാ രൂപതയിലെ എല്ലാ കുടുംബങ്ങളിൽ നിന്നും ഏറ്റവും കുറഞ്ഞത് ഒരാളെ എങ്കിലും ലോഗോസ് ക്വിസ്സിൽ പങ്കെടുപ്പിക്കുക എന്ന ലക്ഷ്യം പാലാ രൂപതാ ബൈബിൾ അപ്പോസ്തലേറ്റ് മുന്നോട്ട് വയ്ക്കുകയാണ്.

**ഈ വർഷത്തെ ലോഗോസ് ക്വിസ്**

സെപ്റ്റംബർ 27 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 pm മുതൽ 3.30 വരെ നടത്തപ്പെടുന്നു.

രജിസ്ട്രേഷൻ അവസാനിക്കുന്നത്: 2026 ജൂലൈ 31.

## അറിയിപ്പ്

2026-2027 ലെ രൂപതാ ഡയറക്ടറി വിതരണത്തിനായി തയ്യാറായിട്ടുണ്ട്. രൂപതാ ഫിനാൻസ് ഓഫീസിൽ ലഭ്യമാണ്.

## സഭാദിന സംഭാവന

സീറോ മലബാർ സഭയുടെ വിവിധങ്ങളായ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി ജൂലൈ 3 (ദുക്റാന) സഭാദിനത്തിൽ വിശുദ്ധകുർബാനമധ്യേ ലഭിച്ച സ്തോത്രക്കാഴ്ച ജൂലൈ 31 നുമുമ്പ് രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.

## യുവജനദിനത്തോടനുബന്ധിച്ചുള്ള സംഭാവന

ജൂലൈ 3 കഴിഞ്ഞുവരുന്ന ഞായറാഴ്ച (ജൂലൈ 5) കേരള കത്തോലിക്കാസഭ യുവജനദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി അന്നേദിവസം വിശുദ്ധകുർബാന മധ്യേ ശേഖരിക്കുന്ന സ്തോത്രക്കാഴ്ച ജൂലൈ 31 നുമുമ്പ് രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.




# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സ്ലീവാ മെഡിസിറ്റിയിൽ അത്യാധുനിക ന്യൂറോ നാവിഗേഷൻ സംവിധാനം ആരംഭിച്ചു**

തലച്ചോറിലെ സങ്കീർണ്ണമായ ശസ്ത്രക്രിയകൾക്കു കൂടുതൽ കൃത്യതയും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിനായി മാർ സ്ലീവാ മെഡിസിറ്റിയിൽ അത്യാധുനിക ന്യൂറോ നാവിഗേഷൻ സംവിധാനം മെഡ്ട്രോണിക് സ്റ്റെൽത്ത് സ്റ്റേഷൻ S8 സ്ഥാപിച്ചു. ന്യൂറോ സർജറിരംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരുന്ന ഈ വിദേശനിർമ്മിതസാങ്കേതികവിദ്യ സംസ്ഥാനത്തെ ചുരുക്കം ചില ആരോഗ്യകേന്ദ്രങ്ങളിൽ മാത്രമാണ് നിലവിലുള്ളത്. പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ന്യൂറോ നാവിഗേഷൻ സംവിധാനത്തിന്റെ ആശീർവാദം നിർവഹിച്ചു. തലച്ചോറിന്റെ ഉൾഭാഗത്തെ മുഴകൾ, അവേക് ക്രാനിയോട്ടമി, പിറ്റ്യൂട്ടറിഗ്രന്ഥിയുമായി ബന്ധപ്പെട്ട ശസ്ത്രക്രിയകൾ എന്നിവയ്ക്ക് ഈ സംവിധാനം വലിയ സഹായമാകും. രോഗിയുടെ തലച്ചോറിന്റെ ത്രിമാന (3D) ചിത്രങ്ങൾ തത്സമയം വിശകലനം ചെയ്തുകൊണ്ട് ശസ്ത്രക്രിയ നടത്തുന്ന ഭാഗം കൃത്യമായി നിർണ്ണയിക്കാൻ സർജന്മാരെ നാവിഗേഷൻസംവിധാനം സഹായിക്കും. തലച്ചോറിലെ സുപ്രധാനമായ കോശങ്ങൾക്കു കേടുപാടുകൾ സംഭവിക്കാതെ, രോഗബാധിതമായ ഭാഗം മാത്രം കൃത്യമായി നീക്കം ചെയ്യാൻ സാധിക്കുന്നു എന്നത് ഈ സംവിധാനത്തിന്റെ പ്രധാന പ്രത്യേകതയാണ്.സംസാരം, ചലനം തുടങ്ങിയ മസ്തിഷ്കപ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന ഭാഗങ്ങളിലെ അവേക് ശസ്ത്രക്രിയകളിൽ രോഗിയോടു

സംസാരിച്ചുകൊണ്ടുതന്നെ (Awake Craniotomy) ശസ്ത്രക്രിയ നടത്താൻ ഈ സംവിധാനം സർജന്മാരെ പ്രാപ്തരാക്കുന്നു. ഇത് ശസ്ത്രക്രിയയ്ക്കു ശേഷമുണ്ടാകാൻ സാധ്യതയുള്ള പാർശ്വഫലങ്ങൾ ഒഴിവാക്കുന്നതിനും സഹായമാകും. ശസ്ത്രക്രിയ നടക്കുന്ന സമയത്ത് ഉപകരണങ്ങളുടെ സ്ഥാനം എവിടെയാണെന്നു കൃത്യമായി മനസ്സിലാക്കാൻ സർജനു കഴി യുന്നതിനാൽ രോഗിയുടെ സുരക്ഷിതത്വം വർദ്ധിപ്പിക്കുന്നു എന്നതും നാവിഗേഷൻസംവിധാനത്തിന്റെ നേട്ടമാണ്. പുതിയ സാങ്കേതികവിദ്യയുടെ വരവോടെ, മുമ്പ് അതീവസങ്കീർണ്ണമായി കണക്കാക്കിയിരുന്ന ശസ്ത്ര ക്രിയകൾ ഇനി കൂടുതൽ എളുപ്പത്തിലും കൃത്യതയിലും മാർ സ്ലീവാ മെഡിസിറ്റിയിൽ നിർവഹിക്കാൻ സാധിക്കും.

**മാർ സ്ലീവാ മെഡിസിറ്റിയിൽ ഗ്യാസ്ട്രോസയൻസസ്, പൾമണറി വി ഭാഗങ്ങൾ അനക്സ് -1 ബ്ളോക്കിലേക്കു മാറി പ്രവർത്തനം തുടങ്ങി**

മാർ സ്ലീവാ മെഡിസിറ്റിയിൽ അത്യാധുനികസംവിധാനങ്ങളോടെ വിപുലീകരിച്ച ഗ്യാസ്ട്രോസയൻസസ്, പൾമണറി വിഭാഗങ്ങളുടെ പുതിയ ബ്ലോക്കിന്റെ വെഞ്ചരിപ്പ് പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറ ങ്ങാട്ട് നിർവഹിച്ചു. ബിഷപ് എമിരറ്റസ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ ബ്ളോക്കിന്റെ ഉദ്ഘാടനം നിർവഹിച്ചു. ആശുപത്രി മാനേജിങ് ഡയറക്ടർ ആൻഡ് സി.ഇ.ഒ റവ.ഫാ.മാത്യു തെക്കേൽ, പ്രൊജക്ട്സ് ലീഗൽ ആൻ ഡ് ലെയ്സൺ അസോ.ഡയറക്ടർ റവ.ഫാ.ജോസ് കീരഞ്ചിറ എന്നിവർ പ്രസംഗിച്ചു. മാർ സ്ലീവാ മെഡിസിറ്റിയോടനുബന്ധിച്ചുള്ള അനക്സ് -1 കെട്ടിടത്തിന്റെ രണ്ടാം നിലയിൽ 30,000 ചതുരശ്രയടി കെട്ടിത്തിലാണ് ആധുനികനിലവാരത്തിലുള്ള പുതിയ സംവിധാനങ്ങൾ ഒരുക്കിയിരി ക്കുന്നത്. എൻഡോസ്കോപ്പി, ഇ.ആർ.സി.പി, ബ്രോങ്കോസ്കോപ്പി, മാ നോമെട്രി,അൾട്രാസൗണ്ട്, ഫൈബ്രോസ്കാൻ, ബ്രീത്ത് ടെസ്റ്റ്, ആസ് ത്മ അലർജി ക്ലിനിക്കുകൾ, ടി.ബി.ചികിത്സയ്ക്കു പ്രത്യേക സൗകര്യം എന്നിവയ്ക്കുൾപ്പെടെ അത്യാധുനികനിലവാരത്തിലുള്ള സ്യൂട്ട് മുറികൾ പുതിയ കെട്ടിടത്തിലെ പ്രത്യേകതയാണ്. 8 ബെഡ്ഡുകളോടെ ഡേ കെയർ സംവിധാനവുമുണ്ട്. 15 ഒ.പി.മുറികൾ, വിശാലമായ ഫാർമസി സൗകര്യം, 100 പേർക്ക് ഭക്ഷണം കഴിക്കാവുന്ന ഡീലക്സ് കാന്റീൻ എന്നിവയും പുതിയ കെട്ടിടത്തിൽ ക്രമീകരിച്ചിട്ടുണ്ട്. പാലാ രൂപത മുഖ്യവികാരി ജനറാൾ മോൺ. ഡോ.ജോസഫ് തടത്തിൽ, വികാരി ജനറാൾ മോൺ.ഡോ.ജോ സഫ് കണിയോടിക്കൽ, രൂപത ഫിനാൻസ് ഓഫിസർ റവ.ഫാ.ജോസ ഫ് മുത്തനാട്ട്, ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടനകേന്ദ്രം റെക്ടർ റവ.ഫാ.അഗസ്റ്റിൻ പാലയ്ക്കാപ്പറമ്പിൽ, ചേർപ്പുങ്കൽ മാർ സ്ലീവാ ഫൊറോന പള്ളി വികാരി റവ.ഫാ. ജോസ് വള്ളോംപുരയിടത്തിൽ, കൊഴുവനാൽ

സെന്റ് ജോൺസ് നെപുംസ്യാൻസ് പള്ളിവികാരി റവ. ഫാ. ജോസ് നെല്ലിക്കത്തെരുവിൽ, ആശുപത്രി എച്ച്.ആർ, നഴ്സിങ് ആൻഡ് അക്കാദമിക്സ് അസോ. ഡയറക്ടർ റവ.ഡോ. ജോസഫ് കരികുളം, ഫിനാൻസ്, മെറ്റീരിയൽസ് അസോ.ഡയറക്ടർ റവ.ഫാ.ഗർവാസിസ് ആനിത്തോട്ടത്തിൽ, ആയുഷ് വിഭാഗം അസോ. ഡയറക്ടർ റവ.ഫാ. മാത്യു ചേന്നാട്ട്, ബ്രാൻഡിങ്, ഹെൽത്ത് കെയർ പ്രമോഷൻസ് ആൻഡ് ഐ.ടി. ഡയറക്ടർ റവ.ഫാ. മാത്യു തുരുത്തിപ്പള്ളിൽ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

**ഗർഭാശയത്തിൽ അസാധാരണമായി വളർന്ന 8 ഫൈബ്രോയ്ഡുകൾ മാർ സ്ലീവാ മെഡിസിറ്റിയിൽ ശസ്ത്രക്രിയയിലൂടെ നീക്കം ചെയ്തു**

വീട്ടമ്മയുടെ ഗർഭാശയത്തിൽ അസാധാരണമായി കൂട്ടമായി വളർന്ന എട്ട് ഫൈബ്രോയ്ഡുകൾ മാർ സ്ലീവാ മെഡിസിറ്റിയിൽ നടത്തിയ സങ്കീർണ്ണ ശസ്ത്രക്രിയയിലൂടെ വിജയകരമായി നീക്കം ചെയ്തു. കോട്ടയം സ്വദേശിനിയായ 46 കാരിയുടെ ഗർഭാശയത്തിലായിരുന്നു 8 ഫൈബ്രോയ്ഡുകൾ ഒരുമിച്ചുകണ്ടെത്തിയത്.അമിതമായ രക്തസ്രാവത്തെത്തുടർന്ന് ചികിത്സ തേടിയ വീട്ടമ്മയെ വിശദമായ പരിശോധനകൾക്കു വിധേയമാക്കിയപ്പോഴാണ് ഗർഭാശയത്തിൽ ഫൈബ്രോയ്ഡുകൾ കൂട്ടമായി വളരുന്നതായി കണ്ടെത്തിയത്. കഴിഞ്ഞ വർഷം ഹൃദ്രോഗത്തെത്തുടർന്ന് ആൻജിയോപ്ലാസ്റ്റിക്കു വിധേയയായിരുന്ന രോഗിക്ക് അമിതവണ്ണവും ഉണ്ടായിരുന്നതിനാൽ ശസ്ത്രക്രിയ കൂടുതൽ വെല്ലുവിളി നിറഞ്ഞതായിരുന്നു. അമിതവണ്ണംമൂലം വയറിന്റെ ഭാഗത്ത് മുഴകളുടെ വളർച്ച വ്യക്തമായി തിരിച്ചറിയാനാകാത്ത സാഹചര്യവും ഉണ്ടായിരുന്നു. ഒബ്സ്ട്രെറ്റിക്സ് ആൻഡ് ഗൈനക്കോളജി വിഭാഗം സീനിയർ കൺസൾട്ടന്റായ ഡോ.അനൂപ് കൃഷ്ണന്റെ നേതൃത്വത്തിൽ നടത്തിയ രണ്ടരമണിക്കൂർ നീണ്ട ശസ്ത്രക്രിയയിലൂടെ എല്ലാ ഫൈബ്രോയ്ഡുകളും പൂർണമായും നീക്കം ചെയ്യാൻ സാധിച്ചു.ഇവയുടെ ആകെ ഭാരം മൂന്നു കിലോഗ്രാമിലധികം ഉണ്ടായിരുന്നു. അനസ്തേഷ്യോളജി വിഭാഗത്തിലെ ഡോ.അനു ടി.ഇ.യും ശസ്ത്രക്രിയയുടെ ഭാഗമായി. ശസ്ത്രക്രിയയ്ക്കുശേഷം രോഗി സുഖം പ്രാപിച്ച് സാധാരണജീവിതത്തിലേക്കു മടങ്ങിവരികയാണ്. സങ്കീർണ്ണമായ ആരോഗ്യപ്രശ്നങ്ങളും മുൻകാല ഹൃദ്രോഗചികിത്സയും ഉണ്ടായിരുന്നിട്ടും ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കാൻ കഴിഞ്ഞത് ശ്രദ്ധേയമായ നേട്ടമായി.

**മാർ സ്ലീവാ മെഡിസിറ്റിയിൽ ഹരിതം ഈ ജന്മം പദ്ധതിക്കു തുടക്കമായി.**

ലോകപരിസ്ഥിതിദിനം വിപുലമായ പരിപാടികളോടെ മാർ സ്ലീവാ മെഡിസിറ്റിയിൽ ആചരിച്ചു. പരിസ്ഥിതിപ്രവർത്തനങ്ങൾക്കു പ്രാമുഖ്യം നൽകി പ്രവർത്തിക്കുന്ന ആശുപത്രിയിൽ 'ഹരിതം ഈ ജന്മം' എന്ന

പദ്ധതിക്കും തുടക്കം കുറിച്ചു. ആശുപത്രിയിൽ ഓരോ മാസവും ജനിക്കുന്ന കുഞ്ഞുങ്ങളുടെ എണ്ണം അടിസ്ഥാനമാക്കി അതേ എണ്ണത്തിൽത്തന്നെ വിവിധ പ്രദേശങ്ങളിൽ മരങ്ങൾ നട്ടു പരിപാലിക്കുന്ന ദീർഘകാല ഹരിതപദ്ധതിയാണ് നടപ്പാക്കുന്നത്. ഓരോ നവജാതശിശുവിനും പ്രതീകാത്മകമായി ഒരു വൃക്ഷജീവൻ സമർപ്പിക്കുന്ന ഈ പദ്ധതി ജനനം മുതൽ ഹരിതഭാവി എന്ന ആശയത്തെ യാഥാർത്ഥ്യമാക്കുന്ന ഒരു ശ്രമമായി മാറ്റുകയാണ് ലക്ഷ്യമിടുന്നത്. ആശുപത്രി മാനേജിങ് ഡയറക്ടർ ആൻഡ് സി.ഇ.ഒ റവ.ഫാ. മാത്യു തെക്കേൽ വൃക്ഷത്തൈയിൽ വെള്ളം നനച്ചുകൊണ്ടു പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു. ഹോസ്പിറ്റൽ ഓപ്പറേഷൻസ്, പ്രൊജക്ട്സ്, ലീഗൽ & ലെയ്സൺ അസോ. ഡയറക്ടർ റവ.ഫാ.ജോസ് കീരഞ്ചിറ, ചീഫ് ഓഫ് മെഡിക്കൽ സർവ്വീസസ് എയർകോമഡോർ ഡോ.പോളിൻ ബാബു, ഹോസ്പിറ്റൽ ഓപ്പറേഷൻസ് എ.ജി.എം അനൂപ് ചാക്കോ എന്നിവർ പ്രസംഗിച്ചു. പരിസ്ഥിതിദിനാചരണത്തിന്റെ ഭാഗമായി നടത്തിയ എക്സിബിഷൻ മത്സരത്തിൽ ആശുപത്രി നഴ്സിങ് ഓഫീസ് വിഭാഗം ഒന്നാം സ്ഥാനവും, ജി.ഡി.എ ടീം രണ്ടാംസ്ഥാനവും നേടി. പോസ്റ്റർ മത്സരത്തിൽ എൻ.ഐ.സി.യു വിഭാഗം ഒന്നാം സ്ഥാനവും എൻഡോസ്കോപ്പി വിഭാഗം രണ്ടാം സ്ഥാനവും നേടി.

**സിവിക് കണക്റ്റ് പ്രോഗ്രാം സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലാ നഗരസഭയിലെ അംഗങ്ങളെ ഉൾപ്പെടുത്തി സിവിക് കണക്റ്റ് പ്രോഗ്രാം സംഘടിപ്പിച്ചു. മാനേജിംഗ് ഡയറക്ടർ ആൻഡ് സി.ഇ.ഒ റവ.ഫാ.മാത്യു തെക്കേൽ അധ്യക്ഷത വഹിച്ചു. പാലാ നഗരസഭാധ്യക്ഷ ദിയ ബിനു പുളിക്കക്കണ്ടം ഉദ്ഘാടനം ചെയ്തു. ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർ കോമഡോർ ഡോ.പോളിൻ ബാബു, ബ്രാൻഡിങ്, ഹെൽത്ത്കെയർ പ്രമോഷൻസ് ആൻഡ് ഐ.ടി അസോ.ഡയറക്ടർ റവ.ഫാ.മാത്യു തുരുത്തിപ്പള്ളിൽ, റിലേഷൻസ് മാനേജർ ഡോ.പ്രഫ.സാബു ഡി. മാത്യു എന്നിവർ പ്രസംഗിച്ചു.

**യൂറോ ഡൈനാമിക് സിസ്റ്റം പ്രവർത്തനം തുടങ്ങി**

മാർ സ്ലീവാ മെഡിസിറ്റിയിൽ യൂറോളജി വകുപ്പിനു കീഴിൽ മൂത്രാശയത്തിന്റെയും മൂത്രനാളത്തിന്റെയും പ്രവർത്തനം വിലയിരുത്തുന്നതിനുള്ള ആധുനിക യൂറോഡൈനാമിക് സിസ്റ്റം പ്രവർത്തനം ആരംഭിച്ചു. ആശുപത്രി മാനേജിങ് ഡയറക്ടർ ആൻഡ് സി.ഇ.ഒ റവ. മാത്യു തെക്കേൽ ആശീർവാദം നിർവഹിച്ചു. യൂറോളജിവിഭാഗംമേധാവി ഡോ.വിജയ് രാധാകൃഷ്ണൻ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ വിവിധ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു**

പാലാ ഡയോസിഷൻ മെഡിക്കൽ എജ്യുക്കേഷൻ ട്രസ്റ്റിന്റെ കീഴിൽ പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ കേരളസർക്കാരിന്റെ അംഗീകൃത ഡിപ്ലോമ ഇൻ സെൻട്രൽ സ്റ്റെറൈൽ സപ്ലൈ ടെക്നോളജി (DCSST), ഡിപ്ലോമ ഇൻ ഡയാലിസിസ് ടെക്നോളജി (DDT), ഡിപ്ലോമ ഇൻ റെസ്പിറേറ്ററി ടെക്നോളജി (D Resp.T) എന്നീ കോഴ്സുകളിൽ മാനേജ്മെന്റ് സീറ്റുകളിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. അർഹരായ വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസിന്റെ 60% മുതൽ 90% വരെ സ്കോളർഷിപ്പോടെ പഠിക്കാനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. യോഗ്യത: ഹയർ സെക്കൻഡറി (HSE/VHSE) സയൻസ് വിഭാഗം (ഫിസിക്സ്, കെമിസ്ട്രി, ബയോളജി) 60% മാർക്കോടുകൂടി പാസായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് ആശുപത്രി അക്കാഡമിക്സ് വിഭാഗത്തിലെ +91 8281699240 എന്ന നമ്പറിൽ ബന്ധപ്പെടണം.

**മാർ സ്ലീവാ മെഡിസിറ്റിയിൽ മഴക്കാല ആയുർവേദ ചികിത്സാപദ്ധതിക്കു തുടക്കമായി**

മാർ സ്ലീവാ മെഡിസിറ്റിയിൽ ആയുഷ്വിഭാഗത്തിനു കീഴിൽ 'ഋതുസുരക്ഷ -2026' മഴക്കാല ആയുർവേദ ആരോഗ്യസംരക്ഷണ പദ്ധതി ആരംഭിച്ചു. മഴക്കാലത്തു നേരിടേണ്ടിവരുന്ന രോഗങ്ങൾ തടയാനും ആരോഗ്യസംരക്ഷണം ഉറപ്പാക്കാനുമാണ് ഋതുസുരക്ഷയിലൂടെ ലക്ഷ്യമിടുന്നത്. മഴക്കാലത്ത് പനി, വിവിധ അണുബാധകൾ തുടങ്ങിയ രോഗങ്ങൾ വർധിക്കുന്ന സാഹചര്യത്തിൽ പ്രതിരോധശേഷി വർധിപ്പിച്ചു ശരീരത്തെ ആരോഗ്യകരമായി നിലനിറുത്താനും ഋതുസുരക്ഷ ചികിത്സയിലൂടെ സാധിക്കും. ആരോഗ്യമുള്ളവർക്കും രോഗബാധിതർക്കും ഒരുപോലെ പ്രയോജനകരമായ പദ്ധതിയാണിത്. കിഴി, ഉത്സാദനം, ധൂമം, പഞ്ചകർമചികിത്സകളായ വമനം,വിരേചനം,നസ്യം, വസ്തി, രക്തമോക്ഷം എന്നിവ ഉൾപ്പെടെ ചികിത്സയുടെ ഭാഗമായി ലഭ്യമാകും. ഇതോടൊപ്പം ഭക്ഷണക്രമം, ജീവിതശൈലീമാറ്റങ്ങൾ, ആരോഗ്യകരമായ ദിനചര്യകൾ എന്നിവയെക്കുറിച്ചുള്ള കൗൺസെലിങ്ങും നൽകുന്നു. ഇൻപേഷ്യന്റുകൾക്ക് ശാരീരികവ്യായാമങ്ങൾ, ശ്വസനാഭ്യാസങ്ങൾ, മാനസികാരോഗ്യപരിപാലനമാർഗങ്ങൾ എന്നിവയും നിർദേശിക്കുന്നു. ചികിത്സകൾ ഒ.പി അടിസ്ഥാനത്തിലും ഐ.പി അടിസ്ഥാനത്തിലും ലഭ്യമാണ്. പഞ്ചകർമ്മ ചികിത്സകൾക്കായി സുസജ്ജമായ സംവിധാനങ്ങളോടെയുള്ള 12 പ്രത്യേക ചികിത്സാമുറികൾ, അക്യുപങ്ചർ, സ്പൈനൽ ബാത്ത്, സ്റ്റീം ബാത്ത് തുടങ്ങിയവയ്ക്കും പ്രത്യേക ക്രമീകരണങ്ങൾ രോഗികൾക്കു സൗകര്യപ്രദമായി ഒരുക്കിയിട്ടുണ്ട്.

**മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ മുണ്ടക്കയം തെക്കേമല സെന്റ് മേരീസ് സീറോ മലബാർ ചർച്ച്, ഇലഞ്ഞി സെന്റ് പീറ്റേഴ്സ് ആൻഡ് പോൾസ് ഫൊറോന ചർച്ച്, ആനക്കല്ല് സെന്റ് ആന്റണീസ് സീറോ മലബാർ ചർച്ച്, കോർപറേറ്റ് റിലേഷൻസ് പ്രവർത്തനങ്ങളുടെ ഭാഗമായി തിരുവല്ല റിലയൻസ് എന്നിവിടങ്ങളിൽ സൗജന്യ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു.

**എ.ഐ.മാമ്മോഗ്രാം പരിശോധനക്യാമ്പുകൾ നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ റോട്ടറി ക്ലബ്ബ് കോട്ടയം സെൻട്രൽ, വാഗമൺ റോട്ടറി ക്ലബ്ബ് എന്നിവയുമായി സഹകരിച്ചു സൗജന്യ എ.ഐ.മാമ്മോഗ്രാം പരിശോധനക്യാമ്പുകൾ നടത്തി.

**ബോധവൽക്കരണക്ലാസ്സുകൾ സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കൂട്ടിക്കൽ സെന്റ് ജോർജ് ഫൊറോന ചർച്ചിൽ കാൻസർരോഗങ്ങളെക്കുറിച്ചും, അരുവിത്തുറ സെന്റ് ജോർജ് ഹയർ സെക്കൻഡറി സ്കൂളിൽ അഡോളസൻസ് ഹെൽത്ത് എന്ന വിഷയത്തിലും സൗജന്യ ബോധവൽക്കരണക്ലാസ്സുകൾ സംഘടിപ്പിച്ചു.കോർപറേറ്റ് റിലേഷൻസ് പ്രവർത്തനങ്ങളുടെ ഭാഗമായി കോട്ടയം ലുലു മാളിൽ അലർജി കെയർ എന്ന വിഷയത്തിലും, തോട്ടയ്ക്കാട് സീനിയർ സിറ്റിസൺ അസോസിയേഷനുമായി സഹകരിച്ച് ഹെൽത്ത് ഏജിങ് ആൻഡ് ഡയബറ്റീസ് എന്ന വിഷയത്തിലും, പാമ്പാടി സീനിയർ സിറ്റിസൺസ് ഫോറവുമായി സഹകരിച്ച് ജെറിയാട്രിക് മെഡിസിൻ എന്ന വിഷയത്തിലും എസ്.എച്ച്.മൗണ്ട് സീനിയർ സിറ്റിസൺ ഫോറവുമായി ചേർന്ന് ജെറിയാട്രിക് മെഡിസിൻ എന്ന വിഷയത്തിലും ബ്ലഡ് ഡൊണേഷന്റെ പ്രാധാന്യത്തെക്കുറിച്ച് കോട്ടയം റബർ ബോർഡിലും സൗജന്യ ബോധവൽക്കരണക്ലാസ്സുകൾ നടത്തി.

**രക്തദാനക്യാമ്പ് സംഘടിപ്പിച്ചു**

ലോകരക്തദാനദിനത്തോടനുബന്ധിച്ച് മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കോട്ടയം ലുലുമാളിൽ രക്തദാനക്യാമ്പ് സംഘടിപ്പിച്ചു. ജീവനക്കാർ രക്തം ദാനം ചെയ്തു.

**സൗജന്യ വൈദ്യസഹായം ക്രമീകരിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയുടെ കോർപറേറ്റ് റിലേഷൻസ് പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന പൊലീസ് പെൻഷനേഴ്സ് ജില്ല കമ്മിറ്റി മീറ്റിനു സൗജന്യവൈദ്യസഹായം ക്രമീകരിച്ചു നൽകി.

**ഓൺലൈൻ ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പ്രവാസി അപ്പോസ് തലേറ്റുമായി സഹകരിച്ച് 'ശ്വാസകോശസംബന്ധമായ രോഗങ്ങളും പ്രതി രോധമാർഗങ്ങളും' എന്ന വിഷയത്തിൽ ഓൺലൈൻ മെഡി ടോക്ക് നടത്തി. പൾമണറി മെഡിസിൻ വിഭാഗം കൺസൾട്ടന്റ് ഡോ. മിഥുൻ.ജെ. ക്ലാസ്സ് നയിച്ചു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ സൗജന്യ ഫൈബ്രോസ്കാൻ ക്യാമ്പ് നടത്തി**

കരൾരോഗങ്ങൾ നേരത്തേ കണ്ടെത്തുന്നതിനും കൃത്യമായ ചികിത്സ ഉറപ്പാക്കുന്നതിനുമായി മാർ സ്ലീവാ മെഡിസിറ്റിയിൽ സൗജന്യ ഫൈബ്രോസ്കാൻ പരിശോധനക്യാമ്പ് സംഘടിപ്പിച്ചു.

**കണ്ടിന്യൂയിങ് മെഡിക്കൽ എജ്യുക്കേഷൻ പ്രോഗ്രാം നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലാ ഐ.എം.എ ബ്രാഞ്ചുമായി സഹകരിച്ചു മാനേജ്മെന്റ് ഓഫ് യു.ജി.ഐ.ബ്ലീഡ് എന്ന വി ഷയത്തിൽ കണ്ടിന്യൂയിങ് മെഡിക്കൽ എജ്യുക്കേഷൻ പ്രോഗ്രാം നടത്തി. ഗ്യാസ്ട്രോസയൻസസ് വിഭാഗത്തിലെ വിദഗ്ധഡോക്ടർമാർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. വൈക്കം ഐ.എം.എയുമായി സഹകരിച്ച് മാനേജ്മെന്റ് ഓഫ് യു.ജി.ഐ, മൈൻഡ് മാറ്റേഴ്സ് എന്നീ വിഷയങ്ങളിൽ സി.എം.ഇ നടന്നു. തൊടുപുഴ ഐ.എം.എയുമായി സഹകരിച്ച് അവേക്ക് ക്രനിയോ ട്ടമി, കിഡ്നി ആൻഡ് ബ്യൂട്ടി എന്നീ വിഷയങ്ങളിലും സി.എം.ഇ നടന്നു. ന്യൂറോ സർജറി, നെഫ്രോളജി വിഭാഗങ്ങളിലെ ഡോക്ടർമാർ പങ്കെടുത്തു.

**ചുമതലയേറ്റു**

മാർ സ്ലീവാ മെഡിസിറ്റിയിൽ ജനറൽ ആൻഡ് ലാപ്രോസ്കോ പ്പിക് സർജറി വിഭാഗത്തിൽ കൺസൾട്ടന്റായി ഡോ.ലിജോ ഏലിയാസ് ചുമതലയേറ്റു.

**ഫാ. മാത്യു തെക്കേൽ**
മാനേജിങ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ

## അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**അൽഫോൻസാ ഗാലറി**

അൽഫോൻസാമ്മയുടെ ജീവിതം അടുത്തറിയുന്നതിന് കബറിട ദേവാലയത്തിനു സമീപത്തായി അൽഫോൻസാ ഗാലറി തയ്യാറായി. ജൂൺ 6-ാം തീയതി വൈകിട്ട് 5 മണിക്കുള്ള വിശുദ്ധ കുർബാനയ്ക്കുശേഷം ഭരണങ്ങാനംപള്ളി വികാരി പെരിയ ബഹു. സഖറിയാസ് ആട്ടപ്പാട്ട് ഗാ ലറിയുടെ ആശീർവാദവും ഉദ്ഘാടനവും നിർവഹിച്ചു. തീർത്ഥാടനകേ

ന്ദ്രത്തിലെ വൈദികർ, ഫൊറോന പള്ളിയിലെ അസിസ്റ്റൻറ് വികാരിമാർ, അൽഫോൻസിയൻ വോളണ്ടിയേഴ്സ്, ഇടവകാംഗങ്ങൾതുടങ്ങിയവർ വെഞ്ചരിപ്പുകർമ്മങ്ങളിൽ സംബന്ധിച്ചു. വിശുദ്ധ അൽഫോൻസാമ്മ യുടെ ജീവിതത്തിലെ പ്രധാനസംഭവങ്ങൾ അക്രിലിക്പെയിൻറിൽ തീർ ത്ത ഫോട്ടോകളായി ഗാലറിയിൽ സ്ഥാപിച്ചിരിക്കുന്നു. കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ അൽഫോൻസാമ്മയുടെ ജീവിതത്തെ കണ്ടു മനസ്സിലാക്കുവാൻ അൽഫോൻസാഗാലറി സഹായകമാകും.

**വോളണ്ടിയേഴ്സ് മീറ്റിങ്**

തീർത്ഥാടനകേന്ദ്രത്തിലെ വോളണ്ടിയേഴ്സിന്റെ ഒരു മീറ്റിങ് ജൂൺ മാസം 2-ാം തീയതി അൽഫോൻസാ സ്പിരിചാലിറ്റി സെന്ററിൽവച്ചു നടന്നു. തീർത്ഥാടനകേന്ദ്രം റെക്ടർ പെരിയ ബഹു. അഗസ്റ്റിൻ പാലയ്ക്കാ പറമ്പിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വോളന്റിയേഴ്സി ന്റെ പ്രവർത്തനങ്ങളെക്കുറിച്ചു വിലയിരുത്തുകയും വേണ്ട നിർദേശങ്ങൾ നൽകുകയും ചെയ്തു. 70 ഓളം പേർ മീറ്റിങ്ങിൽ പങ്കെടുത്തു.

**രോഗിദിനം**

ജൂൺ 13 -ാം തീയതി അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ രോഗിദിനമായി ആചരിച്ചു. രാവിലെ 9.30 ന് ജപമാലപ്രാർത്ഥനയോടെ ആരംഭിച്ച ശുശ്രൂഷകൾ 11.30 നുള്ള വിശുദ്ധ കുർബാനയോടെ സമാപിച്ചു. വചനസന്ദേശം, സൗഖ്യാരാധന, കൈവയ്പുപ്രാർത്ഥന എന്നിവയും ഉണ്ടായിരുന്നു. രോഗികൾക്കു കുമ്പസാരത്തിനായി പ്രത്യേക സൗകര്യ വും ഒരുക്കിയിരുന്നു. റവ. ഫാ. മാത്യു കാടൻകാവിൽ ശുശ്രൂഷകൾക്കു നേതൃത്വംനൽകി.

**ഇംഗ്ലീഷ് - ഹിന്ദി കുർബാനകൾ**

തീർത്ഥാടനകേന്ദ്രത്തിൽ എല്ലാ ഞായറാഴ്ചയും 2.45 ന് ഇംഗ്ലീഷ് ഭാഷയിലും, ശനിയാഴ്ചകളിൽ ഉച്ചകഴിഞ്ഞ് 3 മണിക്ക് ഹിന്ദിഭാഷയിലും വിശുദ്ധ കുർബാനകൾ ഉണ്ടായിരിക്കുന്നതാണ്.

**ഇതരസംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടിയുള്ള ആത്മീ യശുശ്രൂഷ**

ഹിന്ദി സംസാരിക്കുന്ന അന്യസംസ്ഥാനക്കാരായ സഹോദരങ്ങൾ ക്കുവേണ്ടി ജൂൺ 7 ഞായറാഴ്ച ഒരു മണിക്ക് കുർബാനയും കുമ്പസാര വും നടത്തപ്പെട്ടു. റവ.ഫാ. ബാബു കാക്കാനിയിൽ എസ്.വി.ഡി ശുശ്രൂ ഷകൾക്കു നേതൃത്വം നൽകി.

**രാത്രിയാരാധന**

പാലാ രൂപത ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ ജൂൺ 27 ശനിയാഴ്ച തീർത്ഥാടനകേന്ദ്രത്തിൽ രാത്രിയാരാധന നടത്തപ്പെട്ടു. വൈ

കിട്ട് 7 മണിക്ക് വിശുദ്ധ കുർബാനയോടെ ആരംഭിച്ച ആരാധന രാവിലെ 4 മണിക്കുള്ള വിശുദ്ധ കുർബാനയോടെ സമാപിച്ചു. ഫാ. തോമസ് ഓലായത്തിൽ (ഡയറക്ടർ, ഇവാഞ്ചലൈസേഷൻ, പാലാരൂപത) ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**ഫാ. അഗസ്റ്റിൻ പാലയ്ക്കാപറമ്പിൽ** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**2026-27 വർഷത്തെ CTP കോഴ്സ് ആരംഭവും 2025-26 വർഷത്തെ വിജയികൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും**

2026-27 വർഷത്തെ CTP കോഴ്സ് ജൂൺ 13-ാം തീയതി ആരംഭിച്ചു. ഡോ. അലക്സ് കാവുകാട്ട് ക്ലാസ് നയിച്ചു. വിഷയം: Catechesis in the modern scenario. 2025-26 വർഷത്തിൽ CTP കോഴ്സ് വിജയകരമായി പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും സമ്മാനദാനവും ജൂൺ 26-ാം തീയതി ഭരണങ്ങാനം മാതൃഭവനിൽ നടത്തി. അന്നേദിവസം CTP യുടെ രണ്ടാമത്തെ ക്ലാസ് നടന്നു. റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ക്ലാസ് നയിച്ചു. വിഷയം: ലിറ്റർജി.

ജൂലൈ മാസത്തെ CTP ക്ലാസ്സുകൾ:

ജൂലൈ 11 ശനി Session I- The fundamentals of faith formation: Dr. T.C Thankachan
Session II- Liturgy: Rev.Dr. George Varghese Njarakunnel

**സ്കൂൾ മതബോധന-സന്മാർഗപരിശീലനരംഗം**

പുതിയ അധ്യയനവർഷത്തിൽ ഇതര പാഠ്യവിഷയങ്ങളോടൊപ്പം നൽകേണ്ട മതബോധന-സന്മാർഗപരിശീലനക്ലാസുകൾക്കാവശ്യമായ പാഠപുസ്തകങ്ങളുടെ വിതരണം നടത്തിവരുന്നു. 2026 ജൂൺ 17-ാം തീയതി മുതൽ എല്ലാ സ്കൂളുകളിലും മതബോധന-സന്മാർഗപരിശീലന ക്ലാസുകൾ ആരംഭിച്ചു.

**പ്രഥമാധ്യാപകസമ്മേളനം**

നമ്മുടെ രൂപതയിൽ പ്രവർത്തിക്കുന്ന സ്കൂളുകളിലെ പ്രിൻസിപ്പൽമാരുടെയും ഹെഡ്മാസ്റ്റർമാരുടെയും സമ്മേളനം 2026 ജൂൺ 12-ാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് രണ്ടുമണി മുതൽ നാലുമണിവരെ ഭരണങ്ങാനം മാതൃഭവനിൽവച്ചു നടത്തപ്പെട്ടു. രൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. പാലാ രൂപത കോർപ്പറേറ്റ് എജ്യുക്കേഷണൽ സെക്രട്ടറി റവ. ഫാ. ജോർജ് പുല്ലുകാലായിൽ, വിശ്വാസപരിശീലനകേന്ദ്രം ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ എന്നിവർ സംസാരിച്ചു. ശ്രീ അവിരാ ജോസഫ്സാർ നന്ദി അർപ്പിച്ച് സംസാരിച്ചു.

**തിരുബാലസഖ്യം ആനിമേറ്റർമാരുടെ സമ്മേളനം**

ഒന്നു മുതൽ നാലു വരെയുള്ള വിശ്വാസപരിശീലനക്ലാസുകളിലെ കുട്ടികൾക്കായുള്ള തിരുബാലസഖ്യം സംഘടനയുടെ ആനിമേറ്റർമാരുടെ സമ്മേളനം ഭരണങ്ങാനം H.S.S ഹാളിൽ വച്ച് 2026 ജൂൺ 13-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് രണ്ടു മുതൽ വൈകിട്ട് നാലുവരെ നടത്തപ്പെട്ടു. തിരുബാലസഖ്യം ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ആമുഖപ്രഭാഷണം നടത്തി. ഡോ. റ്റി.സി. തങ്കച്ചൻ സാർ ക്ലാസ് നയിച്ചു. സമ്മേളനത്തിന്റെ സമാപനത്തിൽ ഡയറക്ടറച്ചൻ ആനിമേറ്റർമാരുമായി ചർച്ച നടത്തി.

**സ്കോളർഷിപ്പ് പരീക്ഷ മൂല്യനിർണയക്യാമ്പ്**

2025-2026 അധ്യയനവർഷത്തെ സ്കോളർഷിപ്പ് പരീക്ഷയുടെ മൂല്യനിർണയക്യാമ്പ് ഭരണങ്ങാനം മാതൃഭവനിൽ വച്ച് ജൂൺ 6 ശനിയാഴ്ച നടത്തപ്പെട്ടു.

**രൂപതാ വിശ്വാസപരിശീലനദിനം**

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ ദിനമായ ജൂലൈ 3-ാം തീയതി രൂപത വിശ്വാസപരിശീലനദിനമായി ആചരിക്കുന്നു. അന്നേദിവസംതന്നെ ചെറുപുഷ്പമിഷൻലീഗ്, തിരുബാലസഖ്യം എന്നീ സംഘടനകളുടെ അംഗത്വസ്വീകരണവും അംഗത്വനവീകരണവും യൂണിറ്റു തലത്തിൽ നടത്തപ്പെടുന്നതാണ്.

**പ്രൊമോട്ടേഴ്സ് ടീം മീറ്റിങ്**

പാലാ രൂപത സൺഡേ സ്കൂൾ പ്രൊമോട്ടേഴ്സ് ടീം മീറ്റിങ് ജൂലൈ 25 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടക്കും.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# മിഷൻലീഗ് വാർത്തകൾ

**രൂപത വാർത്തകൾ**

**രൂപത എക്സിക്യൂട്ടീവ്**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതസമിതിയുടെ 2026 ജൂൺ മാസത്തെ എക്സിക്യൂട്ടീവ് യോഗം 7-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ഭരണങ്ങാനം മാതൃഭവനിൽവച്ചു നടന്നു. രൂപത പ്രസിഡന്റ് ബെന്നി മുത്തനാട്ട് അധ്യക്ഷത വഹിച്ച യോഗത്തിൽ രൂപത ജനറൽ സെക്രട്ടറി ഡോ. ടോം ജോസ് ഒട്ടലാങ്കൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. രൂപത ഡയറക്ടർ റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ

യോഗത്തിൽ സന്ദേശം നൽകി. ജൂൺമാസത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് യോഗത്തിൽ ചർച്ചചെയ്ത് തീരുമാനങ്ങൾ കൈക്കൊണ്ടു.

**ശ്രമദാനം**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപത സമിതിയുടെ നേതൃത്വത്തിൽ മിഷൻലീഗിന്റെ ആസ്ഥാനമന്ദിരമായ ഭരണങ്ങാനം മാതൃഭവൻ വൃത്തിയാക്കി. എക്സിക്യൂട്ടീവ് അംഗങ്ങൾ ശ്രമദാനത്തിനു നേതൃത്വം നൽകി.

**കുഞ്ഞുമിഷനറി**

ചെറുപുഷ്പ മിഷൻ ലീഗ് പാലാ രൂപതയുടെ ഔദ്യോഗികപ്രസിദ്ധീകരണമായ കുഞ്ഞുമിഷനറിമാസികയുടെ 2026 ജൂൺമാസത്തെ പതിപ്പ് 7-ാം തീയതി ഞായറാഴ്ച ഭരണങ്ങാനം മാതൃഭവനിൽവച്ചു കുഞ്ഞുമിഷനറി മാസിക പ്രസിദ്ധീകരിച്ചു.

**വൈസ് ഡയറക്ടേഴ്സ് സമ്മേളനം**

ചെറുപുഷ്പ മിഷൻ ലീഗ് പാലാ രൂപത സമിതിയുടെ 2026-2027 പ്രവർത്തനവർഷത്തെ പ്രഥമ വൈസ് ഡയറക്ടേഴ്സ് സമ്മേളനം ജൂൺ മാസം 13-ാം തീയതി ഭരണങ്ങാനം സെന്റ് മേരീസ് ഹയർസെക്കൻഡറി സ്കൂളിൽ വച്ചു നടന്നു. റവ. ഫാ. തോമസ് മണ്ണൂർ സമ്മേളനത്തിൽ ക്ലാസ് നയിച്ചു.

**മാർഗരേഖ പ്രകാശനം**

ചെറുപുഷ്പ മിഷൻ ലീഗ് പാലാ രൂപത സമിതിയുടെ 2026-2027 പ്രവർത്തനവർഷത്തേക്കുള്ള മാർഗരേഖ പ്രകാശനം ചെയ്തു. ജൂൺമാസം പതിമ്മൂന്നാം തീയതി നടന്ന വൈസ് ഡയറക്ടേഴ്സ് സമ്മേളനത്തിൽ വച്ച് റവ.ഫാ. തോമസ് മണ്ണൂർ മിഷൻലീഗ് രൂപതാ വൈസ് ഡയറക്ടർ സി. അനറ്റ് കപ്പലുമാക്കൽ എസ്.എ.ബി.എസിനു കൈമാറിയാണ് മാർഗരേഖ പ്രകാശനം ചെയ്തത്. മിഷൻ ലീഗ് രൂപത ജനറൽ ഓർഗനൈസർ ജോർജിൻ ജോയ് മാർഗരേഖ പരിചയപ്പെടുത്തി സംസാരിച്ചു.

**മിഷൻലീഗ് രൂപതാ പ്രവർത്തനവർഷം ഉദ്ഘാടനം**

ചെറുപുഷ്പ മിഷൻ ലീഗ് പാലാ രൂപത സമിതിയുടെ 2026-2027 പ്രവർത്തനവർഷം ഉദ്ഘാടനം ജൂൺ മാസം 14 -ാം തീയതി ഞായറാഴ്ച മുട്ടുചിറ ഹോളി ഗോസ്റ്റ് ദൈവാലയത്തിൽവച്ചു നടന്നു. മിഷൻ ലീഗ് രൂപത പ്രസിഡന്റ് ബെന്നി മുത്തനാട്ട് അധ്യക്ഷത വഹിച്ച സമ്മേളനം മിഷൻ ലീഗ് അന്തർദേശീയപ്രസിഡന്റ് ഡേവിസ് വല്ലൂരാൻ ഉദ്ഘാടനം ചെയ്തു. മിഷൻലീഗ് രൂപത ഡയറക്ടർ റവ.ഡോ. ജോർജ് വർഗീസ് ഞാറ

ക്കുന്നേൽ, മുട്ടുചിറ ഫൊറോന വികാരി റവ.ഫാ. അബ്രഹാം കൊല്ലിത്താനത്തുമലയിൽ, മേഖല ഡയറക്ടർ റവ. ഫാ. ആന്റണി ഞാറക്കാട്ട്, രൂപത ജനറൽ സെക്രട്ടറി ഡോ. ടോം ജോസ് ഒട്ടലാങ്കൽ, കോട്ടയം റീജിയണൽ ഓർഗനൈസർ ജസ്റ്റിൻ വയലിൽ, മേഖലാ പ്രസിഡന്റ് സിജോ സ്കറിയ, മുട്ടുചിറ സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ ഷിബു മുകളേപ്പറമ്പിൽ എന്നിവർ പ്രസംഗിച്ചു. ഉദ്ഘാടനത്തെത്തുടർന്ന് കൗൺസിൽ സമ്മേളനവും നടന്നു.

**ജീവദർശൻ കോഴ്സ്**

ചെറുപുഷ്പ മിഷൻ ലീഗ് പാലാ രൂപത സമിതിയുടെ നേതൃത്വത്തിൽ നടക്കുന്ന ജീവദർശൻ കോഴ്സിന്റെ ക്ലാസുകൾ ജൂലൈ മാസം പതിനൊന്നാം തീയതി ആരംഭിക്കും. കോഴ്സിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ പേര് രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ട അവസാന തീയതി ജൂലൈമാസം ആറാം തീയതിയാണ്.

**മേഖലാ വാർത്തകൾ**

**അരുവിത്തുറ മേഖല**

**വിശ്വാസപരിശീലകസംഗമം സംഘടിപ്പിച്ചു**

ചെറുപുഷ്പമിഷൻലീഗ് അരുവിത്തുറമേഖലയുടെ ആഭിമുഖ്യത്തിൽ 'ടുഗതർ വി പ്രൊക്ലെയിം' എന്ന പേരിൽ വിശ്വാസപരിശീലകസംഗമം സംഘടിപ്പിച്ചു. അരുവിത്തുറയിൽ നടന്ന പരിപാടി സെന്റ് ജോർജ് ഫൊറോന വികാരി വെരി. റവ. ഫാ. മാത്യു ചന്ദ്രൻകുന്നേൽ ഉദ്ഘാടനം ചെയ്തു.

വിശ്വാസപരിശീലകർക്കായി 2025 ലെ യു.പി.എസ്.സി വിജയി സ്മിത സാബു ക്ലാസ് നയിച്ചു. മിഷൻ ലീഗ് മേഖല പ്രസിഡണ്ട് ജോണി മുണ്ടമറ്റം അധ്യക്ഷത വഹിച്ച യോഗത്തിൽ, മേഖല ഡയറക്ടർ റവ. ഫാ. ജോസഫ് ചെങ്ങഴശ്ശേരിൽ ആശംസകൾ നേർന്നു.

തുടർന്നു നടന്ന ചർച്ചയിൽ വിശ്വാസപരിശീലനവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ചർച്ചചെയ്തു. മിഷൻ ലീഗ് പാലാ രൂപത സെക്രട്ടറി ഡോ. ടോം ജോസ് ഒട്ടലാങ്കൽ ചർച്ചയ്ക്കു നേതൃത്വം നൽകി. മേഖലയിൽ മുപ്പതുവർഷത്തിലധികമായി വിശ്വാസപരിശീലനരംഗത്തു സേവനം ചെയ്യുന്നവരെ ചടങ്ങിൽ ആദരിച്ചു.

മിഷൻ ലീഗ് അരുവിത്തുറ മേഖല എക്സിക്യൂട്ടീവ് അംഗങ്ങളായ സിറിൽ പുന്നയ്ക്കൽ, അമൽ മോൻസി, ഷാജു കുന്നയ്ക്കാട്ട്, ജോബി അലക്സ് ആലയ്ക്കാപ്പറമ്പിൽ, ജോബിൻ തട്ടാംപറമ്പിൽ, ചാക്കോ ജെ. പല്ലാട്ടുകുന്നേൽ, ഡയാന വിൽസൺ, ആൻ ട്രീസ, അനന്യ ഷാജി എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി.

**മേഖലാ എക്സിക്യൂട്ടീവ്**

ചെറുപുഷ്പ മിഷൻലീഗ് അരുവിത്തറ മേഖല സമിതിയുടെ ജൂൺ മാസത്തെ എക്സിക്യൂട്ടീവ് യോഗം ജൂൺമാസം 28-ാം തീയതി നടന്നു. യോഗത്തിൽ മേഖലാ പ്രസിഡൻറ് ജോണി മുണ്ടമറ്റം അധ്യക്ഷത വഹിച്ചു. സെക്രട്ടറി ചാക്കോ ജെ. പല്ലാട്ടുകുന്നേൽ റിപ്പോർട്ട് അവതരിപ്പിച്ചു.

**മാനേജിങ് കമ്മിറ്റി**

മിഷൻ ലീഗ് അരുവിത്തറ മേഖലയുടെ മാനേജിങ് കമ്മിറ്റിയോഗം ജൂൺമാസം 28-ാം തീയതി അരുവിത്തുറ സെൻറ് ജോർജ് ഫൊറോനാ ദൈവാലയത്തിൽവച്ചു നടന്നു. മേഖലയിലെ 13 ശാഖകളിൽനിന്നുള്ള ഭാരവാഹികൾ സമ്മേളനത്തിൽ പങ്കെടുത്തു.

**സെമിനാർ സംഘടിപ്പിച്ചു**

മിഷൻ ലീഗ് അരുവിത്തുറ മേഖലയുടെ നേതൃത്വത്തിൽ സെമിനാർ സംഘടിപ്പിച്ചു. മേഖലയിലെ 13 ശാഖകളിൽ നിന്നുള്ള ഭാരവാഹികൾ പങ്കെടുത്ത സെമിനാറിൽ സംസ്ഥാന ജോയിൻറ് സെക്രട്ടറി പ്രൊഫ. ലിഷ വർഗീസ് ഓലിക്കൽ ക്ലാസ് നയിച്ചു.

**വൈസ് ഡയറക്ടേഴ്സ് സമ്മേളനം**

മിഷൻലീഗ് അരുവിത്തുറ മേഖല വൈസ് ഡയറക്ടേഴ്സ് സമ്മേളനം അരുവിത്തുറ സെൻറ് ജോർജ് ഫൊറോന ദൈവാലയത്തിൽ വച്ചു നടന്നു. മേഖലയിലെ വിവിധ ശാഖകളിൽനിന്നുള്ള വൈസ് ഡയറക്ടർമാർ സമ്മേളനത്തിൽ പങ്കെടുത്തു.

**മേഖലാ വാർഷികം**

മിഷൻ ലീഗ് അരുവിത്തുറ മേഖലയുടെ 2025-26 പ്രവർത്തനവർഷത്തിന്റെ വാർഷികം ജൂൺ മാസം 28-ാം തീയതി അരുവിത്തുറ സെൻറ് ജോർജ് ഫൊറോനാദൈവാലയത്തിൽവച്ചു നടന്നു. മേഖലാ പ്രസിഡൻറ് ജോണി മുണ്ടമറ്റം യോഗത്തിൽ അധ്യക്ഷത വഹിച്ചു.

**തുടങ്ങനാട് മേഖല**

**എയ്ഞ്ചൽസ് മീറ്റ്**

2026 ജൂൺ 21-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 4 മണിക്ക് തുടങ്ങനാട് ഫൊറോനാദൈവാലയത്തിൽ വച്ച് 'എയ്ഞ്ചൽസ് മീറ്റ്' നടന്നു. മിഷൻലീഗ് രൂപത ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ദിവ്യബലി അർപ്പിക്കുകയും കുട്ടികൾക്കു മിഷൻലീഗ് അംഗത്വം നൽകുകയും ചെയ്തു.

**കൗൺസിൽ & മാനേജിങ് കമ്മിറ്റി യോഗങ്ങൾ**

2026 ജൂൺ മാസം ഇരുപത്തിയൊന്നാം തീയതി ഉച്ചകഴിഞ്ഞ് 4 മണിക്ക് തുടങ്ങനാട് പാരിഷ് ഹാളിൽ വെച്ച് മേഖല കൗൺസിൽ

സമ്മേളനവും മാനേജിംഗ് കമ്മിറ്റിയോഗവും ചേർന്നു. മിഷൻലീഗ് രൂപത പ്രസിഡന്റ് ബെന്നി മുത്തനാട്ട് യോഗത്തിൽ സന്നിഹിതനായിരുന്നു.

**പ്രവർത്തനവർഷം ഉദ്ഘാടനവും മാർഗരേഖപ്രകാശനവും**

2026 ജൂൺമാസം ഇരുപത്തിയൊന്നാം തീയതി ഉച്ചകഴിഞ്ഞ് 5 മണിക്ക് തുടങ്ങനാട് ഫൊറോനാദേവാലയത്തിൽ വച്ച് മിഷൻലീഗ് തുടങ്ങനാട്മേഖലയുടെ പ്രവർത്തനവർഷം മിഷൻലീഗ് രൂപത ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ഉദ്ഘാടനം ചെയ്തു. മേഖലാ സമിതിയുടെ 2026-27 പ്രവർത്തനവർഷത്തെ മാർഗരേഖയും സമ്മേളനത്തിൽ പ്രകാശനം ചെയ്തു.

**കോതനല്ലൂർ മേഖല**

**എയ്ഞ്ചൽസ് മീറ്റ്**

മിഷൻലീഗ് കോതനല്ലൂർ മേഖലയുടെ നേതൃത്വത്തിൽ എയ്ഞ്ചൽസ് മീറ്റ് നടന്നു. 2026 മേയ് മാസം പത്താം തീയതി ഞായറാഴ്ച സ്ലീവാപുരം ശാഖയിൽ വച്ചു നടന്ന പരിപാടിക്ക് മേഖലാസമിതി നേതൃത്വം നൽകി. മേഖലയിലെ വിവിധ ശാഖകളിൽനിന്നുള്ള ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികൾ മീറ്റിൽ പങ്കെടുത്തു. മേഖല ഡയറക്ടർ റവ. ഫാ. ജെയിംസ് കൊച്ചയ്യങ്കനാൽ ദിവ്യബലി അർപ്പിച്ചു. കോതനല്ലൂർ മേഖല രക്ഷാധികാരി റവ. ഫാ. കുര്യൻ കാലായിൽ കുട്ടികൾക്കു സമ്മാനങ്ങൾ നൽകി. എയ്ഞ്ചൽസ് മീറ്റിന്റെ ഭാഗമായി സ്നേഹവിരുന്നും നടന്നു.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

---

# കെ.സി.എസ്.എൽ.

---

**രൂപത ആനിമേറ്റേഴ്സ് മീറ്റ്**

കെ.സി.എസ്.എൽ ന്റെ ഈ വർഷത്തെ രൂപതാ ആനിമേറ്റേഴ്സ് മീറ്റ് ജൂൺ 6 ശനിയാഴ്ച പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെട്ടു. യു.പി, എച്ച്.എസ്, എച്ച്.എസ്.എസ് വിഭാഗങ്ങളിൽ നിന്നായി 116 ആനിമേറ്റർമാർ മീറ്റിങ്ങിൽ പങ്കെടുത്തു. ഷലോം ഡയറക്ടർ റവ. ഫാ. ജോർജ് ഞാറക്കുന്നേൽ മീറ്റിങ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. പ്രൊഫസർ ഡോ.റ്റി.സി. തങ്കച്ചൻ ടീച്ചേഴ്സിന് ക്ലാസ്സ് എടുത്തു.

**സ്റ്റേറ്റ് ആനിമേറ്റേഴ്സ് മീറ്റ്**

കെ.സി.എസ്.എൽ സ്റ്റേറ്റ് ആനിമേറ്റേഴ്സ് മീറ്റ് ജൂൺ 13 ശനിയാഴ്ച എറണാകുളം പി.ഒ.സി.യിൽ വച്ചു നടത്തപ്പെട്ടു. പാലാ രൂപതയിൽ നിന്നും 5 ടീച്ചേഴ്സ് മീറ്റിങ്ങിൽ പങ്കെടുത്തു.

**സെൻട്രൽ കൗൺസിൽ മീറ്റിങ്**

ഈ വർഷത്തെ ആദ്യത്തെ സി.സി. മീറ്റിങ് ജൂൺ 13 ശനിയാഴ്ച എറണാകുളം പി.ഒ.സി. യിൽ വച്ചു നടത്തപ്പെട്ടു. പ്രസിഡന്റ് ജിജോ മാത്യു, ജനറൽ ഓർഗനൈസർ സോജൻ കെ. ജെ എന്നിവർ മീറ്റിങ്ങിൽ പങ്കെടുത്തു.

**കെ.സി.എസ്.എൽ പ്രവർത്തനവർഷ ഉദ്ഘാടനം**

2026–7 വർഷത്തെ കെ.സി.എസ്.എൽ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം കുറവിലങ്ങാട് സെന്റ് മേരീസ് ജി.എച്ച്.എസിൽ വച്ച് ജൂൺ 19 വെള്ളിയാഴ്ച നടത്തപ്പെട്ടു. കുറവലിങ്ങാട് മർത്ത്മറിയം ചർച്ച് ആർച്ചുപ്രീസ്റ്റ് റവ. ഡോ. തോമസ് മേനാച്ചേരി ഉദ്ഘാടനകർമ്മം നിർവഹിച്ചു. പ്രസിഡന്റ് ജിജോ മാത്യു അധ്യക്ഷത വഹിച്ചു. അസി. ഡയറക്ടർ ഫാ. പോൾ കുന്നുംപുറത്ത് സ്വാഗതം ആശംസിച്ചു. ഡയറക്ടർ ഫാ. ജോർജ് പുല്ലുകാലായിൽ ആമുഖപ്രസംഗം നടത്തി. ഉച്ചകഴിഞ്ഞ് 2.30 ന് ആരംഭിച്ച മീറ്റിങ് 3.30 ന് അവസാനിച്ചു.

**ഫാ. ജോർജ് പുല്ലുകാലായിൽ** (ഡയറക്ടർ)
**ഫാ. പോൾ കുന്നുംപുറത്ത്** (അസി. ഡയറക്ടർ)

# എസ്.എം.വൈ.എം. - കെ.സി.വൈ.എം.

**1. ക്രിക്കറ്റ് ടൂർണ്ണമെന്റ്**

യുവദീപ്തി എസ്.എം.വൈ.എം ചങ്ങനാശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ മേയ് 24 -ാം തീയതി ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകളുടെ യുവജനനേതാക്കന്മാർക്ക് ഒരുക്കിയ ക്രിക്കറ്റ് ടൂർണമെന്റിൽ പാലാ രൂപത ചാമ്പ്യന്മാരായി. ബെസ്റ്റ് ബാറ്റ്സ്മാനായി മീഡിയാ സെൽ അംഗം ഡെന്നി സണ്ണി തിരഞ്ഞെടുക്കപ്പെട്ടു.

**2. കരുതൽ**

ജൂൺ 2, 3 തീയതികളിലായി നിർധനരായ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന കുട്ടികളെ സഹായിക്കുവാനായി 'കരുതൽ' എന്ന പദ്ധതി രൂപീകരിച്ചു. അതോടനുബന്ധിച്ച് 100 രൂപ ചലഞ്ചും നടത്തപ്പെട്ടു. സെന്റ് ഡൊമിനിക് യു.പി. സ്കൂൾ മല്ലികശ്ശേരി, സെന്റ് ജോർജ് എൽ.പി. സ്കൂൾ വെയിൽകാണംപാറ, ഹോളിക്രോസ് യു.പി. സ്കൂൾ മറ്റത്തിപ്പാറ, സെന്റ് ജോസഫ് എൽ.പി. സ്കൂൾ കാഞ്ഞാർ എന്നിവിടങ്ങളിൽ പഠനോപകരണങ്ങൾ വിതരണം ചെയ്തു.

**3. അഭിനന്ദനങ്ങൾ**

പ്ലസ് ടു പരീക്ഷയിലും K -TET പരീക്ഷയിലും വിജയിച്ച യുവജനങ്ങൾക്ക് അഭിനന്ദനങ്ങൾ അറിയിച്ചു.

**4. ആശംസകൾ**

കേരളത്തിന്റെ അഡീഷണൽ അഡ്വക്കേറ്റ് ജനറലായി നിയമിതനായ അഡ്വ. കെ.സി. വിൻസെന്റിന് പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ ആശംസകൾ നേർന്നു.

**5. ഫൊറോന പ്രോജക്ട്**

എസ്.എം.വൈ.എം പാലാ രൂപതയുടെ ഫൊറോന പ്രോജക്ടായ വർത്തമാനപ്പുസ്തകം പകർത്തിയെഴുതി ജൂൺ 6-ാം തീയതി ഫൊറോനകൾ സമർപ്പിച്ചു. പൂഞ്ഞാർ, തുടങ്ങനാട്, കടപ്ലാമറ്റം, ഭരണങ്ങാനം, ചേർപ്പുങ്കൽ, അരുവിത്തുറ, കുറവിലങ്ങാട്, കൂട്ടിക്കൽ, രാമപുരം, കോതനല്ലൂർ, കൊഴുവനാൽ, കടനാട്, ഇലഞ്ഞി എന്നീ ഫൊറോനകൾ സമർപ്പിച്ചു.

**6. നന്ദി**

കഴിഞ്ഞ അഞ്ചുമാസക്കാലം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച രാമപുരം സിൻഡിക്കേറ്റ് അംഗം ഐവാൻ, പാലാ സിൻഡിക്കേറ്റ് അംഗം ജീവ എന്നിവർക്കു യാത്രമംഗളങ്ങൾ നേർന്നു.

**7. സ്വാഗതം**

രൂപത സിൻഡിക്കേറ്റംഗമായി രാമപുരം ഫൊറോനയിൽനിന്നു ജോയിസ് ജോമോനും പാലാ ഫൊറോനയിൽനിന്നു ജോർജിൻ ജോസും തിരഞ്ഞെടുക്കപ്പെട്ടു.

**8. രൂപത അർദ്ധ വാർഷിക സെനറ്റ് സമ്മേളനം**

പാലാ രൂപത യുവജനപ്രസ്ഥാനമായ സീറോ മലബാർ യൂത്ത് മൂവ്മെന്റ് 2026 അർദ്ധ വാർഷിക സെനറ്റ് സമ്മേളനം ജൂൺ 13-ാം തീയതി മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത് മറിയം ആർച്ചുഡീക്കൻ തീർത്ഥാടന പള്ളിയിൽ വച്ചു നടത്തപ്പെട്ടു. രൂപത പ്രസിഡന്റ് മിജോ ജോയി കുന്നത്താനിയേൽ അധ്യക്ഷത വഹിച്ച യോഗത്തിന് ഇന്റർ ചർച്ച് കൗൺസിൽ ഡെപ്യൂട്ടി സെക്രട്ടറിയും സീറോ മലബാർ എക്യുമെനിക്കൽ കമ്മീഷൻ സെക്രട്ടറിയുമായ റവ. ഫാ. സിറിൽ തയ്യിൽ ഉദ്ഘാടനം നിർവഹിച്ചു. പാലാ രൂപത വികാരി ജനറാൾ വെരി റവ.ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് മുഖ്യപ്രഭാഷണം നടത്തിയ യോഗത്തിൽ എസ്.എം.വൈ.എം. പാലാ രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി ആമുഖപ്രഭാഷണം നടത്തി, കുറവിലങ്ങാട് ഫൊറോനാ ഡയറക്ടർ ജോസഫ് ചൂരയ്ക്കൽ ഫൊറോനാ പ്രസിഡണ്ട് ജോർജ് യൂണിറ്റ് പ്രസിഡൻറ് അലൻ കോച്ചേരി മുൻ രൂപത സെക്രട്ടറി സെബാസ്റ്റ്യൻ ജോയി എന്നിവർ ആശംസകൾ അർപ്പിച്ചു. രൂപതയിലെ 19 ഫൊറോനകളിൽനിന്നു ഭാരവാഹികൾ എത്തിചേരുകയും ആറുമാസത്തെ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. കുറവിലങ്ങാട്

ഫൊറോനയിൽനിന്നുള്ള മുൻകാല രൂപതാഭാരവാഹികളായ ജിനു മാത്യു മുട്ടപ്പള്ളി, ഷിജോ ചെന്നൈലി, സെബാസ്റ്റ്യൻ ജോയി ചാത്തൻചിറയിൽ, ഡിബിൻ ഡൊമിനിക്, അഞ്ചു തോമസ് മണിമല, മെറിൻ തോമസ് പൊ യ്യാനിയിൽ എന്നിവർ സമ്മേളനത്തിൽ സന്നിഹിതരായിരുന്നു.

**9. നേതൃസംഗമം**

കെ.സി.വൈ.എം സംസ്ഥാനസമിതിയുടെ നേതൃത്വത്തിൽ മര ടിൽ വച്ച് ജൂൺ 14-ാം തീയതി നടത്തപ്പെട്ട നേതൃസംഗമത്തിൽ പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ നേതാക്കന്മാർ പങ്കെടുത്തു.

**10. പെനാൽറ്റി ഷൂട്ട് ഔട്ട്**

പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ ചരിത്രത്തിലാദ്യമായി പ്രഥമ വനിത പെനാൽറ്റി ഷൂട്ടൗട്ട് മത്സരം ജൂൺ 20-ാം തീയതി അൽ ഫോൻസാ കോളേജ് ഗ്രൗണ്ടിൽ വച്ചു നടത്തപ്പെട്ടു. മത്സരത്തിന്റെ ഉദ്ഘാ ടനം പാലാ മുനിസിപ്പൽ കൗൺസിലർ റിയാ ചീരാംകുഴി നിർവഹിച്ചു. മത്സരത്തിൽ രത്നഗിരി യൂണിറ്റ് ചാമ്പ്യന്മാരായി തിരഞ്ഞെടുക്കപ്പെട്ടു. രാമപുരം യൂണിറ്റ് രണ്ടാം സ്ഥാനവും ഭരണങ്ങാനം ഫൊറോന മൂന്നാം സ്ഥാനവും കരസ്ഥമാക്കി. മികച്ച ഗോൾഡ് കീപ്പറായി രത്നഗിരി യൂണിറ്റ് അംഗം അന്ന ആന്റണി തിരഞ്ഞെടുക്കപ്പെട്ടു.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

---

# ജീസസ് യൂത്ത്

---

**കാക്കൊമ്പ് ഇടവക ഏകദിന പ്രോഗ്രാം**

മേയ് 10-ാം തീയതി കാക്കൊമ്പ് സെന്റ് മേരീസ് ദേവാലയത്തിൽ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ സൺഡേ സ്കൂൾ വിദ്യാർത്ഥികൾ ക്കായി ഏകദിനപ്രോഗ്രാം നടത്തപ്പെട്ടു. വികാരി ഫാ. സെബാസ്റ്റ്യൻ കു മ്പുളുമൂട്ടിലിന്റെ നേതൃത്വത്തിൽ നടന്ന പരിപാടിയിൽ 50 ഓളം വിദ്യാർ ത്ഥികൾ പങ്കെടുത്തു. ക്ലാസുകൾ, ദിവ്യകാരുണ്യ ആരാധന, പ്രാർത്ഥന, ഗാനങ്ങൾ, ഗ്രൂപ്പ് ആക്ടിവിറ്റികൾ എന്നിവ പരിപാടിയുടെ ഭാഗമായി സംഘ ടിപ്പിച്ചു. കുട്ടികളുടെ വിശ്വാസജീവിതം ശക്തിപ്പെടുത്തുന്നതിനും ക്രിസ് തീയമൂല്യങ്ങളിൽ വളരുന്നതിനും ഈ പരിപാടി സഹായകമായി.

**REVIVE - മൂന്നിലവ് ഇടവക ഏകദിന പ്രോഗ്രാം**

മേയ് 31-ാം തീയതി മൂന്നിലവ് സെന്റ് മേരീസ് ദേവാലയത്തിൽ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ REVIVE എന്ന പേരിൽ സൺഡേ സ് കൂൾ വിദ്യാർത്ഥികൾക്കായി ഏകദിനപ്രോഗ്രാം സംഘടിപ്പിച്ചു. വികാരി ഫാ. കുര്യൻ തടത്തിലിന്റെ നേതൃത്വത്തിൽ നടന്ന പരിപാടിയിൽ 200 ഓളം വിദ്യാർത്ഥികൾ പങ്കെടുത്തു. പ്രാർത്ഥന, ക്ലാസുകൾ, ഗാനങ്ങൾ,

ഗ്രൂപ്പ് ആക്ടിവിറ്റികൾ, വിവിധ ഇന്ററാക്ടീവ് സെഷനുകൾ എന്നിവ പരിപാടി യുടെ ഭാഗമായി ക്രമീകരിച്ചു. കുട്ടികൾക്കു വിശ്വാസത്തിൽ വളരുന്നതിനും കൂട്ടായ്മയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനും ക്രിസ്തീയമൂല്യങ്ങൾ ജീവിതത്തിൽ പകർത്തുന്നതിനും ഈ പരിപാടി അവസരമൊരുക്കി.

**തീക്കോയി ഇടവക പ്രോഗ്രാം**

ജൂൺ 21-ാം തീയതി തീക്കോയി ഇടവകയിൽ ജീസസ് യൂത്തി ന്റെ നേതൃത്വത്തിൽ സൺഡേ സ്കൂൾവിദ്യാർത്ഥികൾക്കായി അർധദിന പ്രോഗ്രാം സംഘടിപ്പിച്ചു. വെരി റവ. ഫാ. ജോർജ് വെട്ടുകല്ലേൽ, ഫാ. ജേക്കബ് കരിനാട്ട് എന്നിവരുടെ നേതൃത്വത്തിൽ നടന്ന പരിപാടിയിൽ 300-ഓളം വിദ്യാർത്ഥികൾ പങ്കെടുത്തു. പ്രാർത്ഥന, ക്ലാസുകൾ, ഗാന ങ്ങൾ, ഗ്രൂപ്പ് ആക്ടിവിറ്റികൾ, വിവിധ സെഷനുകൾ എന്നിവ പരിപാടിയുടെ ഭാഗമായി നടന്നു. ദൈവത്തിന്റെ സ്നേഹം, വിശുദ്ധ കുർബാനയുടെ പ്രാധാന്യം, ജീവിതത്തിന്റെ ലക്ഷ്യം, ക്രിസ്തുവുമായുള്ള വ്യക്തിപരമായ ബന്ധം എന്നീ വിഷയങ്ങൾ കുട്ടികളുമായി പങ്കുവച്ചു. വിശ്വാസത്തിൽ വളരാനും ക്രിസ്തീയജീവിതം കൂടുതൽ അർത്ഥവത്തായി നയിക്കാനും പ്രചോദനം നൽകുന്ന അനുഭവമായി ഈ പരിപാടി മാറി.

**അനുമോദനസമ്മേളനം**

ജൂൺ 21-ാം തീയതി കൊഴുവനാൽ ഇടവക ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ പത്താം ക്ലാസിലും പ്ലസ് ടു പരീക്ഷയിലും എല്ലാ വിഷയ ങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർത്ഥികളെ അനുമോദിക്കുന്നതിനായി പ്രത്യേകസമ്മേളനം സംഘടിപ്പിച്ചു. വെരി റവ. ഫാ. നെല്ലിക്കത്തെരുവിൽ ജോസും അസിസ്റ്റന്റ് വികാരി ഫാ. വയലിൽ ജോണും നേതൃത്വം നൽകിയ പരിപാടിയിൽ വിദ്യാർത്ഥികൾ പങ്കെടുത്തു. വിദ്യാർത്ഥികളുടെ കഠിനാ ധ്വാനത്തെയും മികവാർന്ന നേട്ടങ്ങളെയും അഭിനന്ദിച്ചുകൊണ്ട് അവരെ ആദരിച്ചു. പഠനമികവിനോടൊപ്പം ജീവിതത്തിൽ ഉയർന്ന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും സമൂഹത്തിനു മാതൃകയാകുന്നതിനും അവർക്ക് പ്രോത്സാഹനം നൽകി. ഭാവിയിലെ പഠനജീവിതത്തിനും തുടർ നേട്ട ങ്ങൾക്കും ആശംസകൾ നേർന്നുകൊണ്ടാണ് പരിപാടി സമാപിച്ചത്.

**മൂന്നിലവ് ഇടവക പ്രോഗ്രാം**

ജൂൺ 21-ാം തീയതി മൂന്നിലവ് സെന്റ് മേരീസ് ദേവാലയത്തിൽ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ സൺഡേ സ്കൂൾ വിദ്യാർത്ഥികൾ ക്കായി പ്രോഗ്രാം സംഘടിപ്പിച്ചു. ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള 200 ഓളം വിദ്യാർത്ഥികൾ പരിപാടിയിൽ പങ്കെടുത്തു. പ്രാർ ത്ഥന, ഗാനങ്ങൾ, ക്ലാസുകൾ, ഗ്രൂപ്പ് ആക്ടിവിറ്റികൾ, വിവിധ സെഷനുകൾ എന്നിവ പരിപാടിയുടെ ഭാഗമായി നടന്നു. വിദ്യാർത്ഥികളെ ക്രിസ്തുവി

ലേക്കു കൂടുതൽ അടുപ്പിക്കുന്നതിനും ദൈവവുമായുള്ള വ്യക്തിപരമായ ബന്ധം വളർത്തുന്നതിനും സഹായകമായ വിഷയങ്ങൾ വിവിധ സെഷനുകളിലൂടെ അവതരിപ്പിച്ചു. പ്രാർത്ഥനാജീവിതത്തിന്റെ പ്രാധാന്യവും ക്രിസ്തീയമൂല്യങ്ങളും കുട്ടികളുമായി പങ്കുവച്ചു. വിശ്വാസത്തിൽ വളരുന്നതിനും ക്രിസ്തീയജീവിതം കൂടുതൽ അർത്ഥവത്തായി നയിക്കുന്നതിനും പ്രചോദനം നൽകുന്ന അനുഭവമായി ഈ പ്രോഗ്രാം മാറി.

**Recommitment 2026**

ജീസസ് യൂത്ത് അംഗങ്ങൾ എല്ലാവരും പ്രായഭേദമെന്യേ മേയ് 24, പെന്തക്കുസ്താദിനം ളാലം പുത്തൻപള്ളിയിൽ ഒത്തുചേരുകയും ജീസസ് യൂത്ത് മുന്നേറ്റത്തോട് ഐക്യപ്പെട്ടു ജീവിക്കാനുള്ള സന്നദ്ധത ഏറ്റുപറഞ്ഞ് പ്രതിജ്ഞ എടുക്കുകയും സഭയോടു ചേർന്ന് ജ്ഞാനസ്നാനവ്രതവാഗ്ദാനം നവീകരിക്കുകയും ചെയ്തു. കൂട്ടായ്മയിൽ 270 ഓളം ആളുകൾ പങ്കെടുത്തു. ജീസസ് യൂത്ത് ഡയറക്ടർ ഫാ. ആൽബിൻ പുതുപ്പറമ്പിലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട ലിറ്റർജിയിൽ പ്ലാശനാൽ ഇടവക അസി.വികാരി ഫാ. ഐവിൻ വെട്ടുകല്ലുംപുറത്ത്, ഫാ.വിൻസി എന്നിവർ സഹകാർമികത്വം വഹിച്ചു.

**മിഷൻ ബൈബിൾ**

പാലാ ടീൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ അടുത്ത ഒരു അധ്യയനവർഷം കൊണ്ട് സ്കൂൾകുട്ടികൾക്ക് ബൈബിൾ പൂർണമായി വായിച്ചു തീർക്കാൻ സഹായിക്കുന്ന ഒരു യജ്ഞമാണ് മിഷൻ ബൈബിൾ.

**Zonal Evaluation Meeting**

പാലാ ജീസസ് യൂത്ത് സോണൽ കൗൺസിലിന്റെ നേതൃത്വത്തിൽ മേയ് 22 മുതൽ 24 ഉച്ചവരെ മുത്തോലി സെന്റ് ആന്റണീസ് ഹൈസ്കൂളിൽ വച്ച് സോണൽ ഇവാലുവേഷൻ നടത്തി. സോണിലെ എല്ലാ മിനിസ്ട്രി അംഗങ്ങളും ഒത്തുചേരുവാനും തങ്ങളുടെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്താനും അടുത്തവർഷത്തേക്കുള്ള പ്രവർത്തനങ്ങൾക്കായി പദ്ധതികൾ തയ്യാറാക്കാനും പ്രോഗ്രാം സഹായിച്ചു.

**CODE RED**

മധ്യസ്ഥപ്രാർത്ഥനയ്ക്കായി അടിയന്തരസാഹചര്യങ്ങളിൽ, ഏതു തരത്തിലുള്ള പോരാട്ടങ്ങളുടെയും പ്രതിസന്ധികളുടെയും സമയത്ത് അടിയന്തരപ്രാർത്ഥനാസഹായം ആവശ്യപ്പെടുവാനായി ജീസസ് യൂത്ത് വാട്സ് ആപ്പ് ഗ്രൂപ്പുകളിൽ CODE RED എന്ന് മെസ്സേജ് ഇടുന്നതു വഴി പാലാ സോൺ ഒരുമിച്ച് അതിനായി പ്രാർത്ഥിക്കുവാൻ വേണ്ടി തുടങ്ങിയ ഒരു യജ്ഞമാണിത്. ഏതു പ്രലോഭനങ്ങളിലും പ്രയാസങ്ങളിലും വീണുപോ

കാതെ ഈശോയോടു ചേർന്നുനിൽക്കുന്നതിനായി ഈ പ്രാർത്ഥനായ ജ്ഞം സഹായിക്കും.

**ക്യാമ്പസ് കോർ ടീം 2026-27**

സെന്റ് തോമസ് കോളേജ്, ബി.വി.എം കോളേജ്, അൽഫോൻസാ കോളേജ് എന്നിവിടങ്ങളിലെ 2026-2027 അധ്യയനവർഷത്തേക്കുള്ള ജീസസ് യൂത്ത് കോർ ടീം അംഗങ്ങളെ പാലാ ക്യാമ്പസ് ടീമിന്റെ നേതൃത്വത്തിൽ തിരഞ്ഞെടുക്കുകയുണ്ടായി. പുതുതായി തിരഞ്ഞെടുക്കപ്പെട്ട കോർ ടീം അംഗങ്ങൾക്കായുള്ള ലീഡേഴ്സ് ഗാതറിങ് ജൂൺ 13 ന് ശനിയാഴ്ച അരുണാപുരം പള്ളിയിൽ സംഘടിപ്പിച്ചു. നേതൃത്വത്തിന്റെ പ്രാധാന്യം, ഉത്തരവാദിത്വങ്ങൾ, വരാനിരിക്കുന്ന പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ചുള്ള പങ്കുവയ്ക്കലുകളും ചർച്ചകളും പരിപാടിയുടെ ഭാഗമായി നടന്നു. വിവിധ കോളേജുകളിൽനിന്നായി ആകെ 19 പേർ ഈ സംഗമത്തിൽ പങ്കെടുത്തു.

**HIDE & SEEK**

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 5 മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികൾക്കു പഠനരംഗത്തു പിന്തുണ നൽകുക എന്ന ലക്ഷ്യത്തോടെ മിഷൻ ടീം ആരംഭിച്ച ഓൺലൈൻ പദ്ധതിയാണ് HIDE & SEEK. ജീസസ് യൂത്തിലെ അധ്യാപകരുടെ സഹകരണത്തോടെ കുട്ടികൾക്ക് സൗജന്യവിദ്യാഭ്യാസസഹായം, വിഷയങ്ങളിൽ വ്യക്തത ലഭിക്കാനുള്ള മാർഗനിർദേശം, പഠനത്തിൽ ആത്മവിശ്വാസം വർധിപ്പിക്കുന്ന പിന്തുണ എന്നിവ നൽകിവരുന്നു.

**ENGLISH CHOIR**

പാലാ ജീസസ് യൂത്ത് മ്യൂസിക് മിനിസ്ട്രിയുടെ നേതൃത്വത്തിൽ എല്ലാ ഞായറാഴ്ചയും ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ Syro Malabar English Mass നു വേണ്ടിയുള്ള സംഗീതപരിശീലനം ഉച്ചയ്ക്ക് 1.45 ന് ആരംഭിക്കുകയും തുടർന്ന് 2.45 ന് ഇംഗ്ലീഷ് വിശുദ്ധ കുർബാന നടത്തപ്പെടുകയും ചെയ്യുന്നു. ശുശ്രൂഷയിലൂടെ ദൈവത്തെ മഹത്വപ്പെടുത്താനും യുവജനങ്ങളുടെ സംഗീതാഭിരുചി വളർത്തുവാനും ഈ ശുശ്രൂഷ സഹായകമാകുന്നു.

**AVIV**

ജീസസ് യൂത്ത് ടീൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ജൂൺ 13, രണ്ടാം ശനിയാഴ്ച അരുണാപുരം സെന്റ് തോമസ് ദേവാലയത്തിൽ വച്ച് AVIV എന്ന പേരിൽ സ്കൂൾ കുട്ടികൾക്കായി ഗാതറിങ് നടത്തപ്പെട്ടു. ബ്ലൂമിംഗ് റോസസിനു ശേഷം നടത്തപ്പെട്ട ഈ പ്രോഗ്രാമിൽ ഏറെ ആവേശത്തോടെയാണ് കുട്ടികൾ പങ്കുചേർന്നത്.

**ACT SIXTEEN**

എല്ലാ ഞായറാഴ്ചയും ഭരണങ്ങാനം സെന്റ് അൽഫോൻസാ ഷ്രൈനിൽവച്ച് പാലാ ജീസസ് യൂത്ത് മ്യൂസിക് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 'ACT SIXTEEN' എന്ന പേരിൽ ഒരു മണിക്കൂർ ദൈർഘ്യമുള്ള Praise & Worship ശുശ്രൂഷ നടത്തിവരുന്നു. ഗാനങ്ങളിലൂടെയും ആരാധനയിലൂടെയും പ്രാർത്ഥനയിലൂടെയും ദൈവസാന്നിധ്യം അനുഭവിക്കാനുള്ള അവസരമായി ഈ ശുശ്രൂഷ മാറിക്കൊണ്ടിരിക്കുന്നു.

**ഓൺലൈൻ മ്യൂസിക് മിനിസ്ട്രി ഗാതറിങ്**

സംഗീതത്തിൽ അഭിരുചിയുള്ള യുവജനങ്ങളെ കണ്ടെത്തി അവരെ ഒരുമിച്ച് ചേർത്ത് ക്രിസ്തുവിനുവേണ്ടി തങ്ങളുടെ കഴിവുകളെ ഉപയോഗപ്പെടുത്തുവാൻ സഹായിക്കുന്നതിനായി എല്ലാ ശനിയാഴ്ചയും രാത്രി 9 മണിക്ക് ഗൂഗിൾ മീറ്റിലൂടെ ഓൺലൈൻ മ്യൂസിക് മിനിസ്ട്രി ഗാതറിങ് നടത്തിവരുന്നു. ജൂൺമാസത്തിലെ കൂട്ടായ്മയിൽ ഷെൽട്ടൺ പിനേരോ, ബ്ര. ശുഭം ഡൊമിനിക്, ടിനി റോബർട്ട് എന്നിവർ ക്ഷണം സ്വീകരിച്ച് എത്തിച്ചേരുകയും സംഗീതത്തിന്റെ വിവിധ മേഖലകളെക്കുറിച്ചുള്ള ആത്മീയപങ്കുവയ്പുകൾ നടത്തുകയും ചെയ്തു.

**Sing 4 Jesus**

പുതിയ ക്രിസ്തീയഗാനങ്ങൾ പഠിക്കുന്നതിനും സംഗീത അഭിരുചിയുള്ളവരുടെ കഴിവുകൾ വർധിപ്പിക്കുന്നതിനുമായി 'sing 4 Jesus -' എന്ന വാട്സ്ആപ്പ് ഗ്രൂപ്പ് നിർമ്മിക്കുകയും എല്ലാ ദിവസവും ഗാനങ്ങൾ പഠിപ്പിക്കുകയും ചെയ്യുന്നു.

**ബുധനാഴ്ച്ച കൂട്ടായ്മ**

എല്ലാ ബുധനാഴ്ചയും വൈകിട്ട് 5:15 ന്റെ വിശുദ്ധ കുർബാനയ്ക്കു ശേഷം ളാലം പള്ളിയിലെ മിനി പാരിഷ് ഹാളിൽ ബുധനാഴ്ചക്കൂട്ടായ്മ നടത്തിവരുന്നു. പ്രാർത്ഥന, വചനം പങ്കിടൽ, ഗാനങ്ങൾ, അനുഭവസാക്ഷ്യങ്ങൾ എന്നിവയിലൂടെ യുവജനങ്ങളെ ഈശോയുടെ സ്നേഹത്തിലേക്കു കൂടുതൽ അടുപ്പിക്കാൻ ഈ കൂട്ടായ്മ സഹായിക്കുന്നു. ആത്മീയവളർച്ചയ്ക്കും വിശ്വാസജീവിതത്തിലെ സ്ഥിരതയ്ക്കും ഈ കൂട്ടായ്മ വലിയ അനുഗ്രഹമായി മാറുന്നുണ്ട്.

**ഹൗസ്ഹോൾഡ്**

ജൂൺ 7 ഞായറാഴ്ച പാലാ ഹൗസ് ഹോൾഡുകൾ സംഘടിപ്പിച്ചു. ജീസസ് യൂത്തിലെ പ്രാർത്ഥനാജീവിതത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ഹൗസ് ഹോൾഡുകൾ സഹായകമായി.

**മധ്യസ്ഥപ്രാർത്ഥന**

പാലാ സോണിന്റെ എല്ലാ നിയോഗങ്ങളും സമർപ്പിച്ചു പ്രാർത്ഥിക്കാനുമായി എല്ലാ തിങ്കളാഴ്ചയും 4 മുതൽ 5 മണി വരെ പാലാ SH മീഡിയ ഹൗസിൽ വച്ച് ആരാധന നടത്തി വരുന്നു. എല്ലാ ദിവസവും രാത്രി 9 മണിക്ക് ഓൺലൈനായി മധ്യസ്ഥപ്രാർത്ഥന നടത്തുന്നു. പാലാ സോൺ ഒന്നിച്ച് വിവിധ നിയോഗങ്ങൾക്കും ശുശ്രൂഷകൾക്കും കുടുംബങ്ങൾക്കും യുവജനങ്ങൾക്കുംവേണ്ടി സമർപ്പിച്ചു നടത്തുന്ന ഈ പ്രാർത്ഥന നിരവധിയാളുകൾക്ക് അനുഗ്രഹമാകുന്നുണ്ട്.

**അനുദിനവിശുദ്ധർ**

വിശുദ്ധരാകാനും വിശുദ്ധിയിൽ വളരാനും അനേകരെ പ്രചോദിപ്പിക്കുവാൻ ജീസസ് യൂത്ത് പാലാ ഇന്റർസെഷൻ ടീമിന്റെ നേതൃത്വത്തിൽ EVERYDAY SAINTS എന്ന പേരിൽ ഒരു വാട്സാപ്പ് കൂട്ടായ്മ നടന്നുവരുന്നു. പല പേരുകളിൽ, പല ജീവിതങ്ങളിലൂടെ ക്രിസ്തുവിനെ ലക്ഷ്യമാക്കി ജീവിച്ച സഭയുടെ വിശുദ്ധരെ ഓരോ ദിവസവും അടുത്തറിയുവാനും അവരുമായുള്ള സൗഹൃദത്തിൽ ഈ കാലഘട്ടത്തിന്റെ വിശുദ്ധരായി മാറുവാനുമാണ് ഇതിലൂടെ പ്രതീക്ഷിക്കുന്നത്.

**ഫാ. തോമസ് പുതുപ്പറമ്പിൽ** (ഡയറക്ടർ)

## കുടുംബക്കൂട്ടായ്മ

**1.** കുടുംബക്കൂട്ടായ്മ ഡയറക്ടർ റവ. ഡോ. ജോസഫ് അരിമറ്റത്തിന് യാത്രയപ്പ് നൽകി. പ്രസ്തുത സമ്മേളനത്തിൽ അസി. ഡയറക്ടർ ഫാ. പോൾ കുന്നുംപുറത്ത് അധ്യക്ഷത വഹിച്ചു. പ്രസിഡൻറ് സെബാസ്റ്റ്യൻ പയ്യാനി മണ്ഡപത്തിൽ യാത്രാമംഗളങ്ങൾ നേർന്നു സംസാരിച്ചു. ജോസഫച്ചൻ മറുപടിപ്രസംഗം നടത്തി.

2. 02/06/2026 ന് പുതിയ ഡയറക്ടർ റവ. ഫാ. തോമസ് ഓലായിത്തലിനെ കുടുംബക്കൂട്ടായ്മ എക്സിക്യൂട്ടീവ് അംഗങ്ങൾ സ്വാഗതം ചെയ്തു. ജീവമന്ന സീസൺ ഒന്നിന്റെ അവലോകനം നടന്നു.

**3.** 07/6/2026 വാക്കാട് സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ കുടുംബക്കൂട്ടായ്മ രൂപത റിസോഴ്സ് ടീമിന്റെ നേതൃത്വത്തിലുള്ള വാർഡുതല ക്ലാസുകൾ നടന്നു. രാവിലെ കുടുംബക്കൂട്ടായ്മ രൂപതാഡയറക്ടർ റവ.ഫാ. തോമസ് ഓലായത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. 4.30 pm ന് വികാരി റവ.ഫാ മാത്യു കോലോത്തിന്റെ പ്രാർത്ഥനാശീർവാദത്തോടെ പത്തു വാർഡുകളിലും ക്ലാസുകൾ നടന്നു.

**4.** 16/6/2026 കുടുംബക്കൂട്ടായ്മ രൂപത കൗൺസിൽ യോഗം ശാലോം പാസ്റ്ററൽ സെൻററിൽ ചേർന്നു. പുതിയ ഡയറക്ടർ റവ.ഫാ. തോമസ് ഓലായത്തിലിനെ സ്വാഗതം ചെയ്തു. സെക്രട്ടറി ബാബുപോൾ പെരിയപ്പുറം സംസാരിച്ചു. തുടർന്ന് ഡയറക്ടറച്ചൻ കൗൺസിൽ അംഗങ്ങളെ പരിചയപ്പെട്ടു. കുടുംബക്കൂട്ടായ്മയുടെ നേതൃത്വത്തിലുള്ള രൂപത പ്ലാറ്റിനം ജൂബിലി മെമ്മോറിയൽ ബൈബിൾ വചനപഠനപരമ്പരയായ സീസൺ ഒന്നിന്റെ അവലോകനവും നടന്നു.

**5.** കുടുംബക്കൂട്ടായ്മ വാർഷികം നടക്കുന്ന മണ്ണായ്ക്കനാട് പള്ളിയിൽ 21 ഞായറാഴ്ച ഡയറക്ടർ ഫാ. തോമസ് ഓലയത്തിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

**6.** ചെമ്മലമറ്റം പള്ളിയിൽ 21 ഞായറാഴ്ച കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ സമ്മേളനം നടന്നു. ഫാ. തോമസ് ഓലായത്തിൽ ക്ലാസ്സ് നയിച്ചു.

**7.** 21 ഞായറാഴ്ച കുറവിലങ്ങാട് പള്ളിയിൽ കുടുംബക്കൂട്ടായ്മയുടെ നേതൃത്വത്തിൽ നടന്ന പെനാലിറ്റി ഷോട്ട് മത്സരത്തിന്റെ ഉദ്ഘാടനം നടത്തി. ബൈബിൾ കൺവെൻഷൻ എക്സിക്യൂട്ടീവ് യോഗത്തിൽ കുടുംബക്കൂട്ടായ്മയെ പ്രതിനിധീകരിച്ച് പ്രസിഡൻറ് സെബാസ്റ്റ്യൻ ജോസഫ്, വൈസ് പ്രസിഡൻറ് ഷിജു അഗസ്റ്റിൻ, സെക്രട്ടറി ബാബു പോൾ എന്നിവർ സംബന്ധിച്ചു.

**ഫാ. തോമസ് ഓലായത്തിൽ** (ഡയറക്ടർ)

**ഫാ. പോൾസൺ കുന്നുംപുറത്ത്** (അസിസ്റ്റന്റ് ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

**A. വിവാഹ ഒരുക്ക ധ്യാനം**

**1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി**

ജൂൺ 12-14, 26-28 തീയതികളിലെ വിവാഹ ഒരുക്ക സെമിനാറിൽ 291 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

ജൂലൈ 24-26, ഓഗസ്റ്റ് 7-9, 28-30 എന്നീ തിയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

**3. പേരന്റ്സ് മീറ്റ്**

ജൂൺമാസത്തിലെ വിവാഹ ഒരുക്ക ധ്യാനത്തിലെ കുട്ടികളുടെ പേരന്റ്സ് മീറ്റിങ്ങിൽ റവ.ഡോ. ജോസഫ് കടുപ്പിൽ, റവ. ഡോ. ജോസഫ് വടക്കേൽ എന്നിവർ ക്ലാസ്സെടുത്തു. 421 മാതാപിതാക്കൾ മീറ്റിങ്ങിൽ പങ്കെടുത്തു.

**4. വെഞ്ചരിപ്പുകർമ്മം**

ജൂൺ 3-ാം തീയതി ഉച്ചകഴിഞ്ഞ് പറത്താനം സീവ്യൂവിൽ പുതുതായി ആരംഭിച്ച മാർ അപ്രേം സെമിനാരിയുടെ വെഞ്ചരിപ്പുകർമ്മത്തിൽ ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ.ജോസഫ് നരിതൂക്കിൽ, അസി. ഡയറക്ടർ റവ. ഫാ. മാത്യു കാടൻകാവിൽ എന്നിവർ പങ്കെടുത്തു.

**5. ജനറൽ ബോഡി മീറ്റിങ്**

ജൂൺ 4-ാം തീയതി വ്യാഴാഴ്ച പാലാരിവട്ടം പി.ഒ.സിയിൽവച്ചു നടത്തപ്പെട്ട ജനറൽ ബോഡി മീറ്റിങ്ങിൽ പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ.ജോസഫ് നരിതൂക്കിൽ പങ്കെടുത്തു.

**6. ഡയറക്ടേഴ്സ് മീറ്റിങ്**

ജൂൺ 24-ാം തീയതി ബുധനാഴ്ച കാക്കനാട് സീറോ മലബാർ സഭയുടെ കാര്യാലയത്തിൽവച്ചു നടത്തപ്പെട്ട ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടേഴ്സ് മീറ്റിങ്ങിൽ പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ പങ്കെടുത്തു. രാത്രി 8 മണിക്ക് വിവാഹകോഴ്സുമായി ബന്ധപ്പെട്ടു നടത്തിയ കോർകമ്മിറ്റി ഓൺലൈൻ മീറ്റിങ്ങിൽ റവ. ഫാ. ജോസഫ് നരിതൂക്കിൽ പങ്കെടുത്തു.

**B. പിതൃവേദി**

**1. രൂപതാസമിതി**

ജൂൺ 1-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽവച്ച് പിതൃവേദി രൂപതാസമിതി ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ, അസി. ഡയറക്ടർ റവ. ഫാ. മാത്യു കാടൻകാവിൽ, രൂപതാ പ്രസിഡന്റ് ജോസ് മുത്തനാട്ട് എന്നിവരുടെ നേതൃത്വത്തിൽ നടത്തപ്പെടുകയും പ്രവർത്തനങ്ങളെക്കുറിച്ചു ചർച്ച ചെയ്ത് വേണ്ട നിർദേശങ്ങൾ നൽകുകയും ചെയ്തു.

**2. പ്രവർത്തനവർഷോദ്ഘാടനം**

ജൂൺ 7-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് പിതൃവേദിയുടെ ആഭിമുഖ്യത്തിൽ ഏന്തയാർ പള്ളിയിൽവച്ചു നടത്തപ്പെട്ട പ്രവർത്തനവർഷോദ്ഘാടനത്തിലും കുടുംബസംഗമത്തിലും പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് അസി. ഡയറക്ടർ റവ. ഫാ. മാത്യു കാടൻകാവിൽ സംബന്ധിക്കുകയും യോഗം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ പത്തിലും പന്ത്രണ്ടിലും വിശ്വാസപരിശീലനത്തിലും സ്കൂൾതലത്തിലും ഉയർന്ന മാർക്കുകൾ കരസ്ഥമാക്കിയ കുട്ടികളെ അവരുടെ മാതാപിതാക്കളോടൊപ്പം അനുമോദിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു.

**2.** ജൂൺ 7-ാം തീയതി ഞായറാഴ്ച വൈകുന്നേരം 5.45 ന് പാലാ കത്തീദ്രൽ ഇടവകയിൽ പിതൃവേദി പ്രവർത്തനവർഷോദ്ഘാടനം ഫാമിലി അപ്പോസ്തലേറ്റ് അസി. ഡയറക്ടർ റവ. ഫാ. മാത്യു കാടൻകാവിൽ നിർവഹിക്കുകയും രൂപത സെക്രട്ടറി ബിൻസ് തൊടുകയിൽ ആശംസ അർപ്പിക്കുകയും ചെയ്തു.

**3. വിനോദയാത്ര**

ജൂൺ 20-ാം തീയതി രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ തൃശൂർ ചാവക്കാട്ടേക്കു നടത്തപ്പെട്ട വിനോദയാത്രയിൽ ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടറും, അസി. ഡയറക്ടറും സമിതിയംഗങ്ങളും പങ്കെടുത്തു.

**4. സംഗമം**

ജൂൺ 21-ാം തീയതി ഞായറാഴ്ച മരങ്ങോലി ഇടവകയിൽ വച്ച് നടത്തപ്പെട്ട പിതാക്കൻമാരുടെ കൂട്ടായ്മയിലും സംഗമത്തിലും ഡയറക്ടർ റവ.ഫാ. ജോസഫ് നരിതൂക്കിൽ വിശുദ്ധകുർബാന അർപ്പിച്ച് യോഗത്തിൽ സംസാരിച്ചു. കൂടുതൽ ആളുകളുടെ പങ്കാളിത്തം കൂട്ടായ്മയിൽ ഉണ്ടായിരിക്കണമെന്ന് അച്ചൻ ഓർമ്മിപ്പിച്ചു.

**5. പ്രവർത്തനവർഷോദ്ഘാടനം**

ജൂൺ 21-ാം തീയതി ഞായറാഴ്ച ഉള്ളനാട് ഇടവകയിൽവച്ചു നടത്തപ്പെട്ട പിതൃവേദിയുടെ പ്രവർത്തനവർഷവും കുടുംബസംഗമവും പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് അസി. ഡയറക്ടർ റവ. ഫാ. മാത്യു കാടൻകാവിൽ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. പ്രസ്തുത യോഗത്തിൽ ഇടവകയിലെ മുൻ ഡയറക്ടർമാരെ ആദരിച്ചു.

**C. മാതൃവേദി**

**1. യാത്രയയപ്പുസമ്മേളനം**

ജൂൺ 3-ാം തീയതി രാവിലെ 10 മണിക്ക് ബഹു. ജോസഫ് നരിതൂക്കിലച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട മാതൃവേദി എക്സിക്യൂട്ടീവ് യോഗത്തിൽ വച്ച് കഴിഞ്ഞ 3 വർഷക്കാലം മാതൃവേദിയുടെ ജോ.ഡയറക്ടറായിരുന്ന റവ.സി.കുസുമം എസ്.എച്ചിന് യാത്രയപ്പുനൽകുകയും പുതിയ ജോ. ഡയറക്ടറായി റവ.സി. ഡെയ്സി എസ്.എച്ചിനെ സ്വീകരിക്കുകയും ചെയ്തു. തുടർന്ന് എക്സിക്യൂട്ടീവ് യോഗം ചേർന്നു ഭാവിപ്രവർത്തനങ്ങളെക്കുറിച്ചു ചർച്ച ചെയ്തു.

**2. നവോമിസംഗമം**

ജൂൺ 5-ാം തീയതി പാലാ രൂപത മാതൃവേദിയുടെ ആഭിമുഖ്യത്തിൽ ളാലം പഴയപള്ളി പാരിഷ്ഹാളിൽ നടത്തപ്പെട്ട വിധവകളുടെ നവോമിസംഗമം പാലാ രൂപത ചാൻസലർ റവ. ഡോ. ജോസഫ് കുറ്റിയാങ്കൽ

ഉദ്ഘാടനം ചെയ്തു. മാതൃവേദി രൂപതാഡയറക്ടർ റവ.ഫാ. ജോസഫ് നരിതൂക്കിൽ, ജോ.ഡയറക്ടർ റവ.സി. ഡെയ്സി ചൊവ്വേലിക്കുടിയിൽ എസ്.എച്ച്, രൂപതാപ്രസിഡന്റ് ഷേർളി ചെറിയാൻ, രൂപത സമിതി അം ഗങ്ങൾ എന്നിവർ പരിപാടിയിൽ പങ്കെടുത്തു. 200 ഓളം വിധവകളായ അമ്മമാർ പങ്കെടുത്ത നവോമി കൂട്ടായ്മയിൽ പ്രൊഫസർ ഡോ.അലക്സ് കാവുകാട്ട് ക്ലാസ്സ് നയിച്ചു. ഉച്ചഭക്ഷണത്തോടുകൂടി സംഗമം സമാപിച്ചു.

**3. വനിതാദിനാചരണം**

ജൂൺ 9-ാം തീയതി കുറവിലങ്ങാട് മേഖല മാതൃവേദിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട വനിതാദിനാചരണത്തിൽ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലും രൂപത ഭാരവാഹികളും പങ്കെടുത്തു.

**4. സംഗമം**

ജൂൺ 21-ാം തീയതി ഞായറാഴ്ച മരങ്ങോലി ഇടവകയിൽവച്ചു നടത്തപ്പെട്ട മാതാക്കളുടെ കൂട്ടായ്മയിലും സംഗമത്തിലും ഡയറക്ടർ റവ.ഫാ. ജോസഫ് നരിതൂക്കിൽ വിശുദ്ധകുർബാന അർപ്പിച്ചു സംസാ രിച്ചു.

**5. അമ്മമാരും സാമൂഹികമാധ്യമങ്ങളും**

ജൂൺ 23-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണിക്ക് മാതൃവേ ദിയുടെ ആഭിമുഖ്യത്തിൽ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ട സാമൂഹികമാധ്യമമേഖലയിലെ AI യെക്കുറിച്ചുള്ള ബോധവത്കരണക്ലാ സ്സ് പാലാ രൂപത വികാരി ജനറാൾ മോൺ. ജോസഫ് കണിയോടിയിൽ ഉദ്ഘാടനം ചെയ്തു. റവ. ഫാ. ജോസഫ് നെല്ലിക്കുന്നുചെരുവിൽ പുര യിടം അമ്മമാർക്കായി ക്ലാസ്സെടുത്തു. വിവിധ ഇടവകകളിലെ 35 അമ്മമാർ ഈ മാധ്യമബോധവത്കരണ ക്ലാസ്സിൽ പങ്കെടുത്തു. ഡയറക്ടർ റവ.ഫാ. ജോസഫ് നരിതൂക്കിൽ ക്ലാസ്സിന് ആശംസയർപ്പിച്ചു.

**6. എക്സിക്യൂട്ടീവ് മീറ്റിങ്**

ജൂൺ 23-ാം തീയതി ചൊവ്വാഴ്ച മൂന്നുമണിക്ക് ഷലോം പാസ്റ്റ റൽ സെന്ററിൽ വച്ച് ഡയറക്ടർ റവ.ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് മീറ്റിങ് നടത്തപ്പെട്ടു.

**7. സാമൂഹികമാധ്യമക്ലാസ്സ് 2**

നവമാധ്യമങ്ങളുടെ ഉപയോഗത്തെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസ്സിന്റെ 2-ാമത്തെ സെഷൻ ജൂൺ 30-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30 ന് ഷലോം പാസ്റ്ററൽ സെന്റിൽവച്ചു നടത്തപ്പെട്ടു.

**D. പ്രോലൈഫ്**

**1. മീറ്റിങ്**

ജൂൺ 21-ാം തീയതി ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് പ്രോ ലൈഫ് സമിതി മീറ്റിങ് രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

**E. സീറോ മലബാർ പാലാ മാട്രിമണി**

**1. ഡേറ്റ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ 'സീറോ മലബാർ മാട്രിമണി' സീറോ മലബാർ സഭയിലെ 35 രൂപതകളുടെയും മാട്രിമണികളുമായി ചേർന്നു പ്രവർത്തിക്കുകയാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സീറോ മലബാർ മാട്രിമണിയുടെ പാലാ ഓഫീസിലെ 7306915897, 9778199182 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**2. സ്റ്റാഫ് മീറ്റിങ്**

ജൂൺ 26-ാം തീയതി മാട്രിമണിയുടെ സ്റ്റാഫ് അംഗങ്ങൾക്കായിയുള്ള ഓൺലൈൻ മീറ്റിങ് നടത്തി കാര്യങ്ങൾ ചർച്ച ചെയ്തു.

**F. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഉത്തമകുടുംബജീവിതത്തിനാവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾനിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിങ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിങ്, മെറ്റൽ എമ്പോസിങ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയി മേക്കിങ്, പോട്ട് പെയിന്റിങ്, കോഫി പെയിന്റിങ്, ഓർണമെന്റ്സ് മേക്കിംഗ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ -7306293048.

**H. മംഗല്യനിധി**

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധി വഴി മണിയംകുളം ഇടവകയിലെ പെൺകുട്ടിക്ക് വിവാഹസഹായം നൽകി.

**ഫാ. ജോസഫ് നരിതൂക്കിൽ** (ഡയറക്ടർ)

**ഫാ. മാത്യു കാടൻകാവിൽ** (അസി. ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

**രൂപതാ കമ്മിറ്റി**

കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാകമ്മിറ്റി പ്രസിഡന്റ് എമ്മാനുവൽ നിധീരിയുടെ അധ്യക്ഷതയിൽ കൂടി. ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, ജോയി കണിപറമ്പിൽ, ആൻസമ്മ സാബു, അഡ്വ. ജോൺസൺ വീട്ടിയാങ്കൽ, റ്റോമി കണ്ണിറ്റുമ്യാലിൽ തുടങ്ങിയവർ സംസാരിച്ചു.

**തീരുമാനങ്ങൾ**

1. ജൂലൈ 3 ന്റെ സീറോമലബാർ സഭാദിനാഘോഷം ചെമ്മലമറ്റം യൂണിറ്റിന്റെ സഹകരണത്തോടെ ചെമ്മലമറ്റം പള്ളി ഹാളിൽ നടത്തുന്നു. എല്ലാ യൂണിറ്റിൽനിന്നും ഭാരവാഹികളും അംഗങ്ങളും പങ്കെടുക്കുന്നു.

2. 12-ാമത് അടുക്കളത്തോട്ടം മത്സരം 2026 സെപ്തംബർ 1 മുതൽ തുടങ്ങും. അതിന്റെ സൗജന്യവിത്തുവിതരണം 20 ഫൊറോനകളെ 5 സോണുകളായി തിരിച്ച് ഓഗസ്റ്റിൽ നടത്തും.

3. ജൂലൈ 15 നുമുമ്പായി ഓരോ യൂണിറ്റിലും മത്സരിക്കുന്നവരുടെ എണ്ണം ജനറൽ സെക്രട്ടറിയെ അറിയിക്കുക.

4. ഇനിയും സജീവമാകാത്ത യൂണിറ്റുകൾ എത്രയുംവേഗം യൂണിറ്റുകൾ ക്രമീകരിക്കുകയും വിവരം ജനറൽ സെക്രട്ടറിയെ അറിയിക്കുകയും ചെയ്യുക.

5. ജൂബിലി ഭവനപദ്ധതി തുടങ്ങാത്ത ഫൊറോനകൾ എത്രയും വേഗത്തിൽ തുടങ്ങുക.

**നിധീരിക്കൽ മാണിക്കത്തനാർ അനുസ്മരണം**

നിധീരിക്കൽ മാണിക്കത്തനാരുടെ 122-ാം ചരമവാർഷികം അനുസ്മരണസമ്മേളനം ജൂൺ 20 ന് ഷലോം പാസ്റ്ററൽ സെന്ററിൽ രൂപത പ്രസിഡന്റ് എമ്മാനുവൽ നിധീരിയുടെ അധ്യക്ഷതയിൽ നടത്തി. രൂപത ചാൻസലർ വെരി. റവ.ഫാ. ജോസഫ് കുറ്റിയാങ്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, ജോയി കണിപറമ്പിൽ, ആൻസമ്മ സാബു തുടങ്ങിയവർ അദ്ദേഹത്തിന്റെ ജീവിതത്തെയും പ്രവർത്തനങ്ങളെയും അനുസ്മരിച്ചു.

**കൂനമ്മാക്കൽ തോമാക്കത്തനാർ അനുസ്മരണം**

ഭാരതത്തിലെ വലിയ മല്പാനും സുറിയാനിഭാഷാപണ്ഡിതനുമായിരുന്ന കൂനമ്മാക്കൽ തോമാ കത്തനാരുടെ അനുസ്മരണസമ്മേളനം നടത്തി. ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ അനുസ്മരണ

പ്രഭാഷണം നടത്തി. എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. ജോസ് വട്ടുകുളം, ജോയി കണിപറമ്പിൽ തുടങ്ങിയവർ സംസാരിച്ചു.

**ഫൊറോന വാർത്തകൾ**

**കൂത്താട്ടുകുളം**

ഫൊറോനപ്രസിഡന്റ് ബേബി ആലുങ്കലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം ഡയറക്ടർ ഫാ. ജെയിംസ് കുടിലിൽ ഉദ്ഘാടനം ചെയ്തു. സെക്രട്ടറി ബിജു കുര്യാക്കോസ് റിപ്പോർട്ട് അവതരിപ്പിച്ചു. ഫൊറോനയിൽ എസ്.എസ്.എൽ.സി., പ്ലസ്ടു ക്ലാസുകളിൽ ഉന്നതവിജയം നേടിയ കുട്ടികളെ ആദരിക്കുന്നതിനു തീരുമാനിച്ചു.

ജൂൺ 14 ന് ഫൊറോന കമ്മിറ്റിയുടെ തീരുമാനപ്രകാരം എസ്.എസ്.എൽ.സി, പ്ലസ്ടു ക്ലാസ് പരീക്ഷകളിൽ ഉന്നതവിജയം നേടിയ കുട്ടികളെ ആദരിച്ചു. വികാരി ജനറാൾ മോൺ സെബാസ്റ്റ്യൻ വേത്താനത്ത് സമ്മേളനം ഉദ്ഘാടനം ചെയ്തു. വിജയികൾക്കു സമ്മാനങ്ങൾ നല്കി. ഫൊറോനപ്രസിഡന്റ് ബേബി ആലുങ്കൽ അധ്യക്ഷത വഹിച്ചു. ഫാ. ജെയിംസ് കുടിലിൽ, രൂപത ട്രഷറർ ജോയി കണിപറമ്പിൽ, ബിജു തറമഠം, ഫാ. ജോസഫ് മരോട്ടിക്കൽ എന്നിവർ ആശംസകൾ നേർന്നു.

**യൂണിറ്റ് വാർത്തകൾ**

**മുട്ടുചിറ**

മുട്ടുചിറ യൂണിറ്റിൽ വനിതാകൗൺസിൽ രൂപീകരിച്ച് ഫൊറോന പ്രസിഡന്റ് രാജു അരുകുഴിപ്പിലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഫൊറോന ഡയറക്ടർ വെരി. റവ.ഫാ. എബ്രാഹം കൊല്ലിത്താനത്തുമലയിൽ ഉദ്ഘാടനം ചെയ്തു. ശ്രീമതി വത്സ ജോസ് കാപ്പിൽ, ശ്രീമതി അന്നക്കുട്ടി വിശ്വഭാരതി, ശ്രീമതി ഉഷ അരിക്കുഴുപ്പിൽ, ജനറൽ സെക്രട്ടറി ശ്രീ ജോസ് വട്ടുകുളം എന്നിവർ സംസാരിച്ചു.

**കാഞ്ഞിരത്താനം**

പാലാ രൂപത പ്ലാറ്റിനം ജൂബിലി സ്മാരക കത്തോലിക്കാ കോൺഗ്രസ്ഭവനങ്ങളിൽ മുട്ടുചിറ ഫൊറോന കാഞ്ഞിരത്താനം യൂണിറ്റിൽ നിർമ്മിക്കുന്ന ഭവനത്തിന്റെ കല്ലിടീൽകർമ്മം കാഞ്ഞിരത്താനം പള്ളി വികാരി ഫാ. ജെയിംസ് വയലിലും രൂപത ഡയറക്ടർ ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേലും, ഫാ. അലക്സ് കാഞ്ഞിരത്തിങ്കലും ചേർന്ന് നിർവഹിച്ചു. സി.എം. ജോർജ്, ജോസ് വട്ടുകുളം, റ്റോമി കണ്ണിറ്റുമ്യാലിൽ, രാജു അരുക്കുഴുപ്പിൽ, സാബു കല്ലിരിക്കുംകാല, സാബു നടുവിലേക്കുറ്റ് എന്നിവർ സന്നിഹിതരായിരുന്നു.

**ചെമ്മലമറ്റം**

ചെമ്മലമറ്റം യൂണിറ്റിൽ വനിതാകൗൺസിൽ ശ്രീ ബെന്നി കിണറ്റുകരയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് എമ്മാനുവൽ നിധീരി, ശ്രീമതി ആൻസമ്മ സാബു, ഫാ. ജേക്കബ് കടുതോടിൽ എന്നിവർ ക്ലാസുകൾ നയിച്ചു.

**കടപ്ലാമറ്റം**

യൂണിറ്റിന്റെ പൊതുയോഗം പ്രസിഡന്റ് അഡ്വ. സജീവ് മാത്യുവിന്റെ അധ്യക്ഷതയിൽ നടത്തി. ഫൊറോനവികാരി ഫാ. ജോസഫ് മുളഞ്ഞനാൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. ശ്രീ ഫ്രാൻസിസ് വെടിക്കുന്നേൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ഗ്രൂപ്പ് ഡിപ്പോസിറ്റ് സ്കീമിന്റെ ഉദ്ഘാടനവും നടത്തി.

**മൂലമറ്റം**

മൂലമറ്റം യൂണിറ്റിന്റെ വിശേഷാൽയോഗം വികാരി ഫാ. ജോർജ് ചൊള്ളനാലിന്റെ അധ്യക്ഷതയിൽ നടത്തി. രൂപത ഡയറക്ടർ ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ജോസ് വട്ടുകുളം, അഞ്ചിൽ പനച്ചിക്കൽ തുടങ്ങിയവർ സംസാരിച്ചു. യൂണിറ്റിന്റെ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

പ്രസിഡന്റ് - ബേബി കുന്നത്ത്, സെക്രട്ടറി - അമൽ ജോഫി പന്തേക്കാൽ, ട്രഷറർ - ബേബി തട്ടാംപറമ്പിൽ.

**ആലോചനയോഗം**

ചെമ്മലമറ്റത്തു വച്ചുനടക്കുന്ന സഭാദിനാഘോഷത്തിന്റെ കാര്യങ്ങൾ ചർച്ച ചെയ്യാൻ രൂപതാപ്രസിഡന്റ് എമ്മാനുവൽ നിധീരിയുടെ അധ്യക്ഷതയിൽ ചെമ്മലമറ്റം പള്ളി ഹാളിൽ ആലോചനയോഗം ചേർന്നു. ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ, ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, ബെന്നി കിണറ്റുകര തുടങ്ങിയവർ സംസാരിച്ചു. ജൂലൈ 3 ന് ഉച്ചകഴിഞ്ഞ് 2.30 ന് കാഞ്ഞിരപ്പള്ളി ബിഷപ് മാർ ജോസ് പുളിക്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തു.

**ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

## പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**സ്നേഹാദരവ്**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയിൽ 46 വർഷക്കാലം അക്കൗണ്ടന്റായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ച ശേഷം വിരമിച്ച

ഔപചാരികമായി ശ്രീ എൻ. ജെ. ജോസഫ് എന്ന ജോസ് നെല്ലിയാനി യുടെ ബഹുമാനാർത്ഥം ഷാലോം കുടുംബ സംഗമം നടന്നു. ജടണട ഡയറക്ടർ ഫാ.ജോസഫ് വാട്ടപ്പിള്ളിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോ ഗത്തിൽ അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. ഫ്രാൻസീസ് ഇടത്തിനാൽ, ഫാ. മാത്യു പുളിക്കപ്പറമ്പിൽ, കെയർ ഹോം ഡയറക്ടർ ഫാ. ജോർജ് നെല്ലിക്കുന്ന് ചെരിവുപുരയിടം, പാലാ കമ്മ്യൂണിക്കേഷൻ ഡയറക്ടർ ഫാ. ക്രിസ്റ്റി പന്തലാനി, സി. റജീന SH/ ഡാന്റീസ് കൂനാനിക്കൽ, സിബി കണി യാംപടി എന്നിവർ പ്രസംഗിച്ചു. രൂപതയുടെ ജുഡീഷ്യൽ വികാർ ഫാ. ജോസഫ് മുകളേപ്പറമ്പിലും PSWS ഡയറക്ടർ ഫാ.ജോസഫ് വാട്ടപ്പിള്ളി യും ചേർന്ന് ജോസ് ചേട്ടനെ ആദര സൂചകമായി ഷാൾ അണിയിച്ചു. വൈദികരും സിസ്റ്റേഴ്സും ഉൾപ്പെടെ ഷാലോം കുടുംബാംഗങ്ങൾ യോ ഗത്തിൽ സംബന്ധിച്ചു.

**ഫാ. ജോസഫ് വാട്ടപ്പിള്ളിൽ** (ഡയറക്ടർ)

## ഡി.സി.എം.എസ്.

**ഡയറക്ടർമാരുടെ യോഗം**

ജൂൺ 10 ന് കുറിച്ചിയിലെ സെന്റ് ഫ്രാൻസിസ് സേവ്യർ പള്ളി യിൽവച്ചു നടന്ന DCMS ഡയറക്ടർമാരുടെ യോഗത്തിൽ പാലാ രൂപത DCMS ഡയറക്ടർ ഫാ. തോമസ് കിഴക്കേ കൊല്ലിത്താനത്ത് പങ്കെടുത്തു. കെസിബിസി SC / ST /BC കമ്മിഷന്റെ നേതൃത്വത്തിൽ നടത്തുന്ന DCMS കുട്ടികൾക്കായുള്ള നാലു പരിശീലനപരിപാടികളിൽ ഒന്നായ മെഡിക്കൽ, എഞ്ചിനീയറിങ് എൻട്രൻസ് ട്രെയിനിങ് പ്രോഗ്രാമിന്റെ സംസ്ഥാനതല കോ. ഓർഡിനേറ്ററായി പാലാ രൂപത ഡയറക്ടർ ഫാ. തോമസ് കിഴക്കേ കൊല്ലിത്താനത്തിനെ ചുമതല ഏല്പിക്കുകയും ചെയ്തു. മീറ്റിങ്ങിൽ വിവിധ രൂപതകളിൽനിന്നായുള്ള ഡയറക്ടമാർ പങ്കെടുത്തു.

**യുവജനസംഗമം**

ഡിസിഎംഎസ് പാലാ രൂപത സമിതിയുടെ ആഭിമുഖ്യത്തിൽ എല്ലാ മാസവും നടക്കുന്ന യുവജനസംഗമം ജൂൺ 13 ശനിയാഴ്ച രാവിലെ 10.30 ന് ഷലോം പാസ്റ്ററൽ സെന്ററിൽ നടന്നു. വിവിധ യൂണിറ്റുകളിൽ നിന്നുള്ള 38 യുവാക്കൾ യോഗത്തിൽ പങ്കെടുത്തു. വ്യക്തിത്വവികസനം എന്ന വിഷയത്തിൽ ഫാ. ജോൺ കൂറ്റാരപ്പിള്ളിൽ ക്ലാസ് നയിച്ചു.

**DCMS സംസ്ഥാന സമിതി സത്യപ്രതിജ്ഞ**

ജൂൺ 13 ശനിയാഴ്ച POC യിൽ വച്ചുനടന്ന DCMS സംസ്ഥാന സമി തിയുടെ സത്യപ്രതിജ്ഞാച്ചടങ്ങിൽ പാലാ രൂപതയിൽനിന്നു സംസ്ഥാന

കമ്മിറ്റി അംഗങ്ങൾ പങ്കെടുത്തു. ചടങ്ങിൽ പാലാ രൂപത മുൻ DCMS ഡയറക്ടർ ഫാ. ജോസഫ് വടക്കേക്കുറ്റിനെ ആദരിക്കുകയും ചെയ്തു.

**കുടുംബസംഗമം**

ഡിസിഎംഎസ് പാലാ രൂപതാ സമിതിയുടെ ആഹ്വാനപ്രകാരം പാലാ കത്തീദ്രൽ, ജയ്ഗിരി, ചേർപ്പുങ്കൽ എന്നീ യുണിറ്റുകളിൽ കുടുംബസംഗമങ്ങൾ നടന്നു. രൂപതാപ്രസിഡന്റ് ബിനോയ് ജോൺ, രൂപതാ ഡയറക്ടർ, യുവജനപ്രതിനിധികൾ എന്നിവർ കുടുംബയോഗങ്ങളിൽ പങ്കെടുത്തു.

**ഫാ. തോമസ് കിഴക്കേകൊല്ലിത്താനം** (ഡയറക്ടർ)

# കെയർ ഹോംസ്

**എക്സിക്യൂട്ടീവ്**

14-06-2026 തിങ്കളാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് എക്സിക്യൂട്ടീവ് ചേർന്നു.

**പരിസ്ഥിതിദിനം**

പരിസ്ഥിതിദിനത്തോടനുബന്ധിച്ച് കൊച്ചിടപ്പാടി സ്നേഹാലയത്തിലെ കുട്ടികൾക്ക് തൈകൾ വിതരണം ചെയ്തു.

**പി.റ്റി.എ മീറ്റിങ്**

കൊച്ചിടപ്പാടി സ്നേഹാലയത്തിലെ കുട്ടികളുടെ മാതാപിതാക്കൾക്ക് ക്ലാസ്സ് എടുത്തു.

**മീറ്റിങ്**

മുളക്കുളം സ്നേഹഭവനിൽ നടന്ന മീറ്റിങ്ങിൽ പങ്കെടുത്തു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**എക്സിക്യൂട്ടീവ്**

17-06-2026 ബുധനാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് എക്സിക്യൂട്ടീവ് ചേർന്നു.

**പഠനോപകരണവിതരണം**

ജൂൺമാസത്തിൽ വിദ്യാർത്ഥികൾക്കാവശ്യമായ പഠനോപകരണങ്ങൾ വിതരണം ചെയ്തു.

**ഡയറക്ടേഴ്സ് മീറ്റ്**

ജൂൺ 9,10 തിയതികളിൽ ഇരിങ്ങാലക്കുട പാസ്റ്ററൽ സെന്ററിൽ നടന്ന ഡയറക്ടേഴ്സ് മീറ്റിൽ പങ്കെടുത്തു.

**ഗാർഹികത്തൊഴിലാളി ക്ഷേമനിധി സമ്മേളനം**

16-06-2026 ൽ എറണാകുളം പി.ഒ.സിയിൽവച്ചു നടന്ന ഗാർഹിക തൊഴിലാളി ക്ഷേമനിധിസമ്മേളനത്തിൽ പങ്കെടുത്തു.

**ക്ഷേമനിധി**

ക്ഷേമനിധി അംഗത്വം തുടർന്നുകൊണ്ടിരിക്കുന്നു.

**വിവിധക്ഷേമനിധികൾ**

1. അസംഘടിത തൊഴിലാളി ക്ഷേമനിധി
2. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
3. സുരക്ഷാക്ഷേമനിധി
4. തയ്യൽ ക്ഷേമനിധി

അംഗത്വം എടുക്കാൻ താത്പര്യമുള്ളർ ഈ നമ്പറിൽ ബന്ധപ്പെടുക. 8304981275.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ കൂട്ടായ്മ (എ.എ. മീറ്റിങ്)**

ജൂൺ 7,14,21,28 തീയതികളിൽ AA മീറ്റിങ്ങുകൾ നടന്നു. ഫാ. ജെയിംസ് പൊരുന്നോലിൽ, എൻ.എം. സെബാസ്റ്റ്യൻ എന്നിവർ ക്ലാസുകൾക്കു നേതൃത്വം നൽകി.

**അൽ-അനോൺ, അൽ-അറ്റീൻ കൂട്ടായ്മ**

ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ ജീവിതപങ്കാളികളുടെയും (അൽ -അനോൺ) അവരുടെ മക്കളുടെയും (അൽ-അറ്റീൻ) സംഗമം ജൂൺ 14-ാം തീയതി ഞായറാഴ്ച രാവിലെ 11.30 ന് നടന്നു.

അഡാർട്ട് ക്ലബ്ബിന്റെ 2026 -27 പ്രവർത്തനവർഷോദ്ഘാടനവും, പാലാ അഡാർട്ടും ഗാന്ധി സെന്റർ പാലായും സംയുക്തമായി സംഘടിപ്പിച്ചുവരുന്ന ഗാന്ധിദർശൻ പഠനപദ്ധതിയുടെ ഈ വർഷത്തെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും പദയാത്രഗാന്ധി പി.വി. രാജഗോപാൽ നിർവഹിച്ചു. അഡാർട്ട് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ അധ്യക്ഷത വഹിച്ചു. സീനിയർ കൗൺസിലർ ജോയ് കെ. മാത്യു, കെ. ജെ. എബ്രഹാം, വി.എം. അബ്ദുള്ളാഖാൻ, ഒ.ജെ. ജോസഫ് തുടങ്ങിയവർ സംസാരിച്ചു. പരിപാടികൾക്ക് കൗൺസിലർമാരായ ലിബി അഗസ്റ്റിൻ, ലിജോ ജോസ്, റിച്ചു എസ്. കാപ്പൻ, സൗമ്യ ജോസ്, ടോമി ജോസഫ് തുടങ്ങിയവർ നേതൃത്വം നൽകി.

**ബോധവൽക്കരണക്ലാസ്**

മൂഴൂർ സെന്റ് മേരീസ് സൺഡേ സ്കൂൾ കുട്ടികൾക്കും അധ്യാപകർക്കും ബോധവൽക്കരണക്ലാസ് അഡാർട്ട് ഡയറക്ടർ ഫാ ജെയിംസ് പൊരുന്നോലിൽ നയിച്ചു.

പൂവക്കുളം സെൻറ് മേരീസ് പള്ളിയിൽ ഇടവകാംഗങ്ങൾക്കും കുട്ടികൾക്കും അധ്യാപകർക്കും ബോധവൽക്കരണക്ലാസ് അഡാർട്ട് ഡയറക്ടർ ഫാ ജെയിംസ് പൊരുന്നോലിൽ നയിച്ചു.

**ഭവനസന്ദർശനം**

അഡാർട്ട് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ, പ്രോജക്ട് കോർഡിനേറ്റർ എൻ.എം. സെബാസ്റ്റ്യൻ എന്നിവർ അഡാർട്ടിൽ ചികിത്സ പൂർത്തിയാക്കിയ കുറവിലങ്ങാട്, മരങ്ങാട്ടുപിള്ളി ഭാഗത്തുള്ള എ.എ. അംഗങ്ങളുടെ ഭവനങ്ങൾ സന്ദർശിച്ചു.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**1. ലോഗോസ് ക്വിസ് 2026**

ലോഗോസ് ക്വിസിന്റെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു site address: www.bibleapostolatepalai.org. ലോഗോസ് വിപുലപ്പെടുത്തുന്നതിനായി പുതിയ സെന്ററുകൾ കണ്ടെത്തി വരുന്നു.

**1. സൺഡേസ്കൂൾ പ്രഥമാധ്യാപകരുടെ മീറ്റിങ്ങിൽ പങ്കെടുത്തു**

ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടന്ന സൺഡേസ്കൂൾ പ്രഥമാധ്യാപകരുടെ മീറ്റിങ്ങിൽ പങ്കെടുത്ത് ലോഗോസ് ക്വിസ് നോട്ടീസും പോസ്റ്ററും വിതരണം ചെയ്യുകയും ലോഗോസ് ക്വിസ്സിൽ പരമാവധി അംഗങ്ങളെ പങ്കെടുപ്പിക്കുകയും ചെയ്യണമെന്ന് അറിയിച്ചു

**2. ഓൺലൈൻ മീറ്റിങ് പങ്കെടുത്തു**

KCBC ബൈബിൾ കമ്മീഷന്റെ ഓൺലൈൻ മീറ്റിങ്ങിൽ രൂപത ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടറച്ചൻ പങ്കെടുത്തു ലോഗോസ് 2026 ഓൺലൈൻ രജിസ്ട്രേഷനുള്ള നിർദേശങ്ങളും അഭിപ്രായങ്ങളും മീറ്റിങ്ങിൽ നിർദേശിച്ചു

**3. ലോഗോസ് ക്വിസ് പഠനസഹായി**

ലോഗോസ് ക്വിസ് 2026 പഠനത്തിനു സഹായകരമായ വിധത്തിൽ തയ്യാറാക്കിയിരിക്കുന്ന ലോഗോസ് ഗൈഡ് ഓഫീസിൽ ലഭ്യമാണ്.

**4. കാലേ ത് മീറേ Hidden voice**

ബൈബിളിലെ ഒളിഞ്ഞിരിക്കുന്ന കഥാപാത്രങ്ങളെ പരിചയപ്പെടുത്തുന്ന ഓൺലൈൻ പരമ്പര നമ്മുടെ യൂട്യൂബ് ചാനലിൽ നടന്നുകൊണ്ടിരിക്കുന്നു 13 എപ്പിസോഡുകൾ പിന്നിട്ടു.

**5.** ഞായർദിവസങ്ങളിൽ നടക്കുന്ന ഓൺലൈൻ ബൈബിൾ കോഴ്സും അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടക്കുന്ന ഓഫ്ലൈൻ ബൈബിൾ കോഴ്സും നല്ല ജനപങ്കാളിത്തത്തോടെ നടന്നു വരുന്നു.

**ഫാ. പോൾ കുന്നുംപുറത്ത്** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1.** ജൂൺ 2 ചൊവ്വ പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് 2024-26 ലെ 23-ാമത് സോണൽ സേവനസമിതി യോഗം ഇവാഞ്ചലൈസേഷൻ ഡയറക്ടറായി പുതുതായി ചുമതലയേറ്റ റവ. ഫാ. തോമസ് ഓലായത്തിലിന്റെ അധ്യക്ഷതയിൽ ചേർന്നു സർവീസ് ടീം അംഗങ്ങളോടൊപ്പം ഫാ. പോൾ കുന്നുപുറത്തും യോഗത്തിൽ പങ്കുചേർന്നു

**2.** പാലാ കത്തീഡ്രലിൽ വച്ച് എല്ലാ വെള്ളിയാഴ്ചകളിലും കരിസ്മാറ്റിക് സോണൽ സേവനസമിതിയുടെ നേതൃത്വത്തിൽ വെള്ളിയാഴ്ച കൺവെൻഷൻ നടത്തപ്പെട്ടു രാവിലെ 9 മണി മുതൽ 1.30 വരെ കരുണക്കൊന്ത, ജപമാല, നിയോഗസമർപ്പണം, കൈവയ്പുശുശ്രൂഷ, പ്രെയ്സ് & വർഷിപ്പ്, വചനപ്രഘോഷണം, ദിവ്യകാരുണ്യആരാധന, വിശുദ്ധ കുർബാന എന്നിങ്ങനെ ശുശ്രുഷകൾ നടത്തപ്പെട്ടു ഫാ. തോമസ് ഓലായത്തിൽ, ഫാ. പോൾ കുന്നുംപുറത്ത്, സോൺ, സബ് സോൺ അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി

**3. രാത്രിയാരാധന**

ജൂൺ 27 ശനി ഭരണങ്ങാനം വിശുദ്ധ അൽഫോൻസാമ്മ തീർത്ഥാടനദേവാലയത്തിൽവച്ച് രാത്രിയാരാധന നടത്തി ഫാ. തോമസ് ഓലായത്തിൽ, ഫാ. പോൾ കുന്നുംപുറത്ത്, കരിസ്മാറ്റിക് സോൺ, സബ് സോൺ അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി

**4.** ജൂൺ 19 ന് പാലാ കിഴതടിയൂർ ദൈവാലയപാരിഷ്ഹാളിൽവച്ച് കരിസ്മാറ്റിക് സംഗമം നടത്തപ്പെട്ടു. ഫാ. തോമസ് ഓലായത്തിൽ വചന സന്ദേശം നൽകി.

**ഫാ. തോമസ് ഓലായത്തിൽ** (ഡയറക്ടർ)

**ഫാ. പോൾസൺ കുന്നുംപുറത്ത്** (അസിസ്റ്റന്റ് ഡയറക്ടർ)

# ജീസസ് ഫ്രട്ടേണിറ്റി

**പ്രാർത്ഥനക്കൂട്ടായ്മ**

ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങൾ ജൂൺ 6 ന് അഡാർട്ടിൽ ഒത്തുകൂടി തടവറയിൽ കഴിയുന്നവർക്കുവേണ്ടിയും അവർക്കിടയിലെ ജീസസ് ഫ്രട്ടേണിറ്റി പ്രവർത്തനങ്ങൾക്കായും പ്രാർത്ഥിച്ചു.

**ബോധവൽക്കരണക്ലാസ്**

ജൂൺ 10,15 തീയതികളിൽ പാലാ മീനച്ചിൽ സബ് ജയിൽ സന്ദർശിക്കുകയും, ബോധവൽക്കരണക്ലാസ് നയിക്കുകയും ചെയ്തു.

**സഹായം**

ജയിലിൽ കഴിയുന്ന തടവറയിലെ അന്തേവാസികളുടെ കുടുംബങ്ങൾക്കും കുട്ടികൾക്കായി പഠനസഹായവും മറ്റു സാമ്പത്തികസഹായവും നൽകി.

**യൂണിറ്റ് സമ്മേളനം**

ജൂൺ 22 ന് ജീസസ് ഫ്രട്ടേണിറ്റി പാലാ യൂണിറ്റ് അംഗങ്ങൾ ഒത്തുചേർന്ന് തുടർപ്രവർത്തനങ്ങളും യൂണിറ്റ്തല മാസസമ്മേളനവും, പ്രാർത്ഥനായോഗങ്ങളും നടത്തി.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

**1. ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം:**

അമേരിക്കയിലെ റിച്മണ്ട് സെന്റ് അൽഫോൻസാ പള്ളിയിൽ ജൂൺ 7 ന് ഞായറാഴ്ച രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞു 5 മണി വരെ ദൈവരാജ്യപ്രഘോഷണധ്യാനം നടത്തി.

**2. ദൈവരാജ്യാനുഭവധ്യാനം**

കാനഡയിലെ വെല്ലൻ പോർട്ട് ഗത്സമേൻ റിട്രീറ്റ് സെന്ററിൽ വച്ച് ജൂൺ 14, 15 തീയതികളിൽ ഇംഗ്ളീഷ് ധ്യാനം നടത്തി.

**3.** ജൂൺ 21 ന് ഞായറാഴ്ച അമേരിക്കയിലെ ഫ്ളോറിഡായിൽ സെന്റ് അഗസ്റ്റിൻ രൂപതയിലെ ജാക്സൺവില്ലിൽ യൂക്കരിസ്റ്റിക് ഹീലിങ് സർവീസ് നടത്തി.

**4.** മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത മാസങ്ങളിലെ ശുശ്രൂഷകൾ താഴെപ്പറയുംവിധം ആയിരിക്കും:

ജൂലൈ 4 ന് ശനിയാഴ്ച 9 am - 3 pm :

ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം.

2026 ജൂലൈ 5 ഞായർ, 5 pm – 11 ശനി 9 am:
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

2026 ഓഗസ്റ്റ് 23 ഞായർ, 5 pm – 29 ശനി, 9 am:
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

2026 സെപ്റ്റംബർ 13 ഞായർ, 5 pm – 19 ശനി, 9 am:
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

ധ്യാനങ്ങൾക്ക് ബുക്കിങ്ങിന്: mountnebovagamon.org

അന്വേഷണങ്ങൾക്ക്: 9847472522; 7306371028

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

## ദീപിക ഫ്രണ്ട്സ് ക്ലബ്

**എക്സിക്യൂട്ടീവ്**

12-06-2026 വെള്ളിയാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽവച്ച് എക്സിക്യൂട്ടീവ് ചേർന്നു.

**ശതോത്തരജൂബിലി**

31-06-2026 ഞായറാഴ്ച കോട്ടയത്തുവച്ചു നടന്ന ദീപികയുടെ 140-ാം ശതോത്തര ജൂബിലിസമ്മേളനത്തിൽ പാലാ രൂപത ഡി.എഫ്.സിയിലെ 45 അംഗങ്ങൾ പങ്കെടുത്തു.

**കടപ്ലാമറ്റം ഫൊറോന മീറ്റിങ്**

8-06-2026 തിങ്കളാഴ്ച കടപ്ലാമറ്റം ഫൊറോന മീറ്റിങ് നടത്തപ്പെട്ടു.

**ഫാമിലി ഹെൽത്ത് കാർഡ്**

കടപ്ലാമറ്റം ഫൊറോനയിലെ ഇടവകകളിൽ ഫാമിലി ഹെൽത്ത് കാർഡ് വിതരണതിതിനുള്ള വിവരശേഖരണം ആരംഭിച്ചു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

## ഇൻഫാം

31-5-2026 ൽ ഡയറി ഫാം കമ്മിറ്റിയുടെ ഭാഗമായി തിരഞ്ഞെടുപ്പും I.D. കാർഡ് വിതരണവും നടത്തി. കാർഷിക ജില്ലാ ഡയറക്ടർ ഫാ. ജോസ് തറപ്പേൽ, വികാരി ഫാ. തോമസ് ഇല്ലിമൂട്ടിൽ, ദേശീയ സെക്രട്ടറി മാത്യു മാമ്പള്ളിൽ, ജില്ലാ സെക്രട്ടറി തോമസ് മറ്റം എന്നിവർ പങ്കെടുത്തു.

**തൈവിതരണോദ്ഘാടനം സംസ്ഥാനതലത്തിൽ**

പരിസ്ഥിതിദിനത്തോടനുബന്ധിച്ച് 4-6-26-ൽ പാങ്ങോട് M.D.S. ൽ വച്ച് നടത്തിയ മാവിൻതൈകളുടെ വിതരണോദ്ഘാടനം ഇൻഫാം ദേശീയ രക്ഷാധികാരി അഭിവന്ദ്യ മാർ റെമിജിയോസ് പിതാവ് നിർവഹിച്ചു.

തുടർന്നുനടന്ന സംസ്ഥാന അസംബ്ലിയും അഭിവന്ദ്യപിതാവ് ഉദ്ഘാടനം ചെയ്തു. ദേശീയചെയർമാൻ ഫാ. തോമസ് മറ്റമുണ്ടയിൽ, ദേശീയ ഡയറക്ടർ ഫാ. ജോസഫ് ചെറുകരക്കുന്നേൽ, സംസ്ഥാന ഡയറക്ടർ ഫാ. ജോർജ് പൊട്ടയ്ക്കൽ എന്നിവർ പങ്കെടുത്തു.

**പരിസ്ഥിതിദിനാഘോഷം**

പരിസ്ഥിതിദിനത്തോടനുബന്ധിച്ച്, പരിസ്ഥിതിദിനാഘോഷം, ഫലഗ്രാമപദ്ധതി, വിത്തുകൊട്ടവിതരണപദ്ധതി എന്നിവയുടെ ഉദ്ഘാടനം 5-6-26 ൽ പൊടിമറ്റം പാരിഷ് ഹാളിൽവച്ചു നടത്തി. അഭിവന്ദ്യ മാർ റെമിജിയോസ് പിതാവും ഇടുക്കി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവും മുഖ്യാതിഥികളായിരുന്നു.

**പാലാ കാർഷികജില്ലയിൽ മാവിൻതൈവിതരണം**

പരിസ്ഥിതിദിനത്തോടനുബന്ധിച്ച് പാലാ കാർഷിക ജില്ലയിലെ മുഴുവൻ ഇൻഫാം അംഗങ്ങൾക്കും 'ഇമാംപസന്ത്' ഇനത്തിൽപ്പെട്ട മാവിൻ തൈകൾ 6-6-26 ൽ വിതരണം നടത്തി.

**ഫാ. ജോസഫ് തറപ്പേൽ** (ഡയറക്ടർ)

# ബൈബിൾ കൺവെൻഷൻ


പാലാ രൂപത 44-ാമത് ബൈബിൾ കൺവെൻഷന്റെ പ്രാരംഭ മീറ്റിങ്ങുകൾ ജൂൺ മൂന്നാം തീയതിയിലും ജൂൺ 18-ാം തീയതിയിലുമായി ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെട്ടു.

നവംബർ ആദ്യം മുതൽ തന്നെ കൺവെൻഷന്റെ മൊബൈലൈസേഷൻ ആരംഭിക്കാൻ തീരുമാനിച്ചു.

കൺവെൻഷനു മുന്നോടിയായി വിവിധ ഫൊറോന പള്ളികളിൽ ഒരുക്കധ്യാനങ്ങൾ നടത്താനുള്ള തീരുമാനങ്ങൾ എടുത്തു.

കൺവെൻഷന്റെ വിജയത്തിനായി നൂറു ദിവസത്തെ മധ്യസ്ഥപ്രാർത്ഥന തുടങ്ങാൻ തീരുമാനിച്ചു.

**ഫാ. തോമസ് ഓലായത്തിൽ** (ഡയറക്ടർ)




## JUNE 2026

| | | |
|---|---|---|
| 1 | 2.30 pm | ചേർപ്പുങ്കൽ മാർ സ്ലീവാ നഴ്സിങ് കോളേജിലെ ഗ്രാജുവേഷൻദിനസമ്മേളനം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. |
| | 4.30 pm | പൊടിമറ്റം പള്ളിയിൽവച്ച് കാഞ്ഞിരപ്പള്ളി രൂപതാംഗമായ ബഹു. ജോസ് മാറാമറ്റത്തിലച്ചന്റെ സംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 2 | | പാലാരിവട്ടം POC യിൽ വച്ചു നടന്ന KCBC മീറ്റിങ്ങിൽ പങ്കെടുത്തു. |
| 3 | 3.30 pm | പറത്താനത്തേക്കു മാറ്റിസ്ഥാപിക്കപ്പെട്ട മാർ അപ്രേം ഫോർമേഷൻ സെന്ററിന്റെ വെഞ്ചരിപ്പ് നടത്തി. |
| 4 | 11.30 am | അടിവാരം ഇടവകയിൽ ഹോം പാലാ പ്രോജക്ടിനു കീഴിൽ നിർമ്മിച്ച ഒരു ഭവനം വെഞ്ചരിച്ചു. |
| | 4.00 pm | PSWS ന്റെ ഭാഗമായ പാലനോവ ഫുഡ് ബ്രാന്റിന്റെയും ഔട്ട്ലെറ്റിന്റെയും ഉദ്ഘാടനം നടത്തി. |
| | 5.00 pm | ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിൽ വൈദികവിദ്യാർത്ഥികളെ സന്ദർശിച്ചു. |
| 5 | | കരിമണ്ണൂർ പള്ളിയിൽ ബഹു. ചെറിയാൻ വാരിക്കാട്ടച്ചന്റെ സംസ്കാരശുശ്രൂഷയിൽ സഹകാർമ്മികനായി. |

| | | |
|---|---|---|
| 9 | | സ്പെയിനിലെ ബാഴ്സലോണായിലെ ഒളിമ്പിക്സ് സ്റ്റേഡിയത്തിൽ ലെയോ പതിന്നാലാമൻ മാർപാപ്പാ നയിച്ച ജാഗരണപ്രാർത്ഥനയിൽ പങ്കുചേർന്നു. |
| 10 | | ബാഴ്സലോണായിലെ സഗ്രാദാ ഫമിലിയ ബസിലിക്കയുടെ ജീസസ് ടവർ ആശീർവാദ കർമ്മത്തോടനുബന്ധിച്ച് ലെയോ പതിന്നാലാമൻ മാർപാപ്പാ അർപ്പിച്ച വിശുദ്ധകുർബാനയിൽ സഹകാർമ്മികത്വം വഹിച്ചു. |
| 16 | | വെനീസിലുള്ള സാൻ മാർക്കോ ബസിലിക്കയിൽ വി. മർക്കോസ്സുവിശേഷകന്റെ കബറിടത്തിങ്കൽ വിശുദ്ധ കുർബാനയർപ്പിച്ചു പ്രാർത്ഥിച്ചു. |
| 29 | | സ്വിറ്റ്സർലന്റിൽ വച്ചു നടന്ന ബഹു. സെബാസ്റ്റ്യൻ തയ്യിലച്ചന്റെ പൗരോഹിത്യസുവർണ്ണജൂബിലിയാഘോഷത്തിൽ, യൂറോപ്പിൽ പഠിക്കുകയും സേവനം ചെയ്യുകയും ചെയ്യുന്ന പാലാ രൂപതക്കാരായ വൈദികരോടൊപ്പം വിശുദ്ധ കുർബാനയർപ്പിച്ചു. |



**24.06.2026**

**The Church as a mystery of communion: A study on the ecclesiologies of communion according to Jean Marie Roger Tillard & Placid Joseph Podipara എന്ന വിഷയത്തിൽ റോമിലെ ലാറ്ററൻ യൂണിവേഴ്സിറ്റിയിൽനിന്ന് Summa Cum Laude -യോടു കൂടി ഡോക്ടറേറ്റ് നേടിയ ബഹു. ജോസഫ് കിഴക്കേക്കുറ്റ് അച്ചന് രൂപതാ കുടുംബത്തിന്റെ ആശംസകൾ**

**04.06.2026**

# ഹോം പാലാ

**അടിവാരം**



## സ്നേഹസ്മരണയ്ക്ക്



### സി. തെരേസ് SABS
**കണ്ടനാട്ട് (77)**

| | | |
|---|---|---|
| ഇടവക | : | നെല്ലിയാനി |
| ജനനം | : | 13.12.1949 |
| നിത്യവ്രതം | : | 22.04.1974 |
| മരണം | : | 15.06.2026 |
| മൃതസംസ്കാരം | : | നെല്ലിയാനി |

*സേവനമണ്ഡലങ്ങൾ:*
മുളക്കുളം, വടകര, കടനാട്
കുറുമണ്ണ്, കാഞ്ഞിരത്താനം
അന്ത്യാളം, കടുത്തുരുത്തി
കാഞ്ഞിരമറ്റം, അഡോറേഷൻ
ഉള്ളനാട്, മരങ്ങോലി, ചെത്തിമറ്റം,
നസ്രത്ത് ഹിൽ, കൂടല്ലൂർ

## സ്നേഹസ്മരണയ്ക്ക്



### സി. ഗൽഗാനി SH
**മുളങ്ങാശ്ശേരിൽ (86)**

| | | |
|---|---|---|
| ഇടവക | : | ചെമ്മലമറ്റം |
| ജനനം | : | 02.10.1940 |
| നിത്യവ്രതം | : | 18.04.1971 |
| മരണം | : | 14.06.2026 |
| മൃതസംസ്കാരം | : | പാലാ കത്തീഡ്രൽ |

*സേവനമണ്ഡലങ്ങൾ:*
അറുനൂറ്റിമംഗലം
ഞീഴുകാവ്, കുരുവിനാൽ, രാമപുരം
കുമ്മണ്ണൂർ, വാഗമൺ, നീലൂർ,
രാമപുരം, ചക്കാമ്പുഴ, അടിവാരം, കോട്ടയം
മൂലമറ്റം, പറത്താനം, വെള്ളിയാമറ്റം, അടിവാരം.

MAR SLEEVA medicity palai®
A Temple of Health

# MAR SLEEVA INSTITUTE OF HEALTH SCIENCES AND RESEARCH

An Educational Initiative of
Mar Sleeva Medicity Palai, Kottayam



ADMISSION OPEN
2026
BATCH

## UNDERGRADUATE COURSES
(UGC APPROVED)

- B.Sc. Anaesthesia & Operation Theatre Technology
- B.Sc. Cardiovascular Technology
- B.Sc. Emergency Trauma Care Management
- B.Sc. Medical Imaging Technology
- B.Sc. Medical Laboratory Technology
- B.Sc. Neuroscience
- B.Sc. Optometry
- B.Sc. Physician Associate
- B.Sc. Renal Dialysis Technology
- B.Sc. Respiratory Therapy

## DIPLOMA COURSES
(GOVERNMENT OF KERALA APPROVED)

- Diploma in Central Sterile Supply Technology
- Diploma in Dialysis Technology
- Diploma in Respiratory Technology

## CERTIFICATE COURSE
(INSTITUTIONALLY AFFILIATED)

- Nursing Assistant & Homecare

## ELIGIBILITY

Undergraduate & Diploma Courses:
Plus Two with Science (Physics, Chemistry & Biology)

Certificate Course:
10th Pass

SCHOLARSHIPS AVAILABLE
60%-90%
Tuition Fee Support
For Eligible & Deserving Students
We Believe in Your Dreams.
We Support Your Journey.

## WHY MAR SLEEVA?

- Experienced Faculty & Quality Education
- Clinical Training in a Quaternary Care Hospital
- Modern Learning Environment with Advanced Facilities
- Internship & Placement Support
- Compassionate & Career-Oriented Education

Contact us to learn more about the courses and how to apply:

**Academics Department**, Mar Sleeva Medicity Palai
Mob : +91 82816 99240 | Email : secretarytoacademics@marsleevamedicity.com
Website : marsleevamedicity.com

*Printed at St.Thomas Press, Palai and Published by Fr. Augustine Kandathilkudilil*